# Trichur Archdiocesan Bulletin

ജനുവരി 2019
വാല്യം: 86 ലക്കം: 01
ESTD:1934



മർക്കോസ് 4:30-34 (കടുകുമണിയുടെ ഉപമ)

TAB



**ബൊൻ നത്താലെ 2018** പ്രളയ ബാധിതർക്ക് കൈത്താങ്ങായി അതിരൂപതയിലെ 250 ഇടവകകളിൽ നിന്നും ജാതിമതഭേദമെന്യേ രണ്ട് ഭവനങ്ങൾക്കു വീതം 25 ലക്ഷം രൂപയുടെ ധനസഹായ വിതരണം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



Trichur Archdiocesan Bulletin TAB

ESTD:1934


**ജനുവരി 2019**

ലക്കം: 01 വാല്യം: 86

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 11 |
| ഇടവക സ്ഥാപക ഡിക്രി | 16 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 21 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 25 |
| നാമകരണ നടപടികൾ | 33 |
| സാമ്പത്തിക കാര്യാലയം | 34 |
| വൈദികർ | 35 |
| സന്യസ്തർ | 38 |
| അതിരൂപത തീർത്ഥകേന്ദ്രം | 41 |
| മതബോധനം | 42 |
| സ്ഥാപനങ്ങൾ | 50 |
| സംഘടനകൾ | 74 |

<u>2444/ 2018</u>
12.12.2018 P-3

# ഇടയലേഖനം

ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

1. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പിറവിത്തിരുന്നാൾ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഉണ്ണീശോ, നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും ഇടവകയേയും സമർപ്പിത സമൂഹങ്ങളേയും അനുഗ്രഹിക്കട്ടെ. പരി. കന്യാമറിയവും മാർ യൗസേപ്പിതാവും രൂപംകൊടുത്ത തിരുക്കുടുംബത്തിലാണ് ദൈവപുത്രനായ ഈശോ ജനിച്ചത്. പിറവിത്തിരുന്നാളിനുശേഷം വരുന്ന ഞായറാഴ്ചയാണല്ലോ തിരുക്കുടുംബത്തിന്റെ തിരുന്നാൾ ആചരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, തിരുക്കുടുംബത്തിൽ ഈശോ നയിച്ച ജീവിതം നമുക്കു ധ്യാനിക്കാം. കുടുംബജീവിതത്തിൽ ഈശോ പ്രകടമാക്കിയ സ്നേഹം, പ്രാർത്ഥനാ ചൈതന്യം, അദ്ധ്വാനതത്പരത, മതാത്മകമായ കൂട്ടായ്മ, പാര

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ബര്യങ്ങളോടുള്ള വിശ്വസ്തത എന്നിവയെല്ലാം നമുക്കും അനുകരിക്കാവുന്ന മാതൃകയാണ് (സുവിശേഷത്തിന്റെ ആനന്ദം, ന. 65).

2. 2014, 2015 വർഷങ്ങളിലെ മെത്രാൻമാരുടെ സൂനഹദോസുകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഫ്രാൻസീസ് പാപ്പാ നല്കിയ *'സ്നേഹ ത്തിന്റെ ആനന്ദം'* എന്ന അപ്പസ്തോലിക പ്രബോധനവും 2016 ആഗസ്റ്റിൽ സമ്മേളിച്ച സീറോ മലബാർ സഭയുടെ നാലാം മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിലെ ചർച്ചകളുടെ വെളിച്ചത്തിൽ മേജർ ആർച്ച് ബിഷപ്പ് നല്കിയ '*ഒന്നായ് മുന്നോട്ട്*' എന്ന അജപാലന പ്രബോധനവും ഈ വിചിന്തനത്തിൽ നമുക്കു വഴികാട്ടികളാണ്. '*ക്രൈസ്തവ കുടുംബം വിശ്വാസത്തിൻ സാക്ഷികളാകാൻ*' എന്ന വിഷയമായിരുന്നല്ലോ നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി ചർച്ച ചെയ്തത്. അസംബ്ലിയുടേയും, അതിരൂപതയുടെ അജപാലന ഗവേഷണകേന്ദ്രമായ പറോക് നാല്പ്പതോളം ഇടവകകളിൽ നടത്തിയ സാമൂഹിക – അജപാലന പഠനത്തിന്റെയും കണ്ടെത്തലുകൾ കുടുംബങ്ങളുടെ ശക്തിയും അവ നേരിടുന്ന സങ്കീർണ്ണമായ വെല്ലുവിളികളും നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. അവയുടെ വെളിച്ചത്തിൽ, കുടുംബങ്ങൾക്കു നൽകേണ്ട അജപാലന ശുശ്രൂഷയെക്കുറിച്ചും ശുശ്രൂഷാശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പരിചിന്തനം ചെയ്യുന്നത് നല്ലതാണ്.

**സമകാലിക വെല്ലുവിളികൾ**

3. നമ്മുടെ അതിരൂപതയിലെ കുടുംബങ്ങളുടെ ജീവിതം പൊതുവെ കെട്ടുറപ്പുള്ളതാണ്. അതിന് ദൈവത്തിന് നമുക്ക് നന്ദി പറയാം. തലമുറകളായി പാലിച്ചുപോന്ന കുടുംബ പ്രാർത്ഥന, കൂദാശകളുടെ സ്വീകരണത്തിലുള്ള ജാഗ്രത (പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയിലും കുമ്പസാരത്തിലും), കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിലുള്ള ശ്രദ്ധ, നോമ്പാചരണം, തിരുന്നാളാഘോഷങ്ങൾ, പരേതരുടെ അനുസ്മരണം തുടങ്ങിയവയും നമ്മുടെ

വൈദിക മേലദ്ധ്യക്ഷൻമാരുടെയും ബഹു. വൈദികരുടെയും സമർപ്പിതരുടെയും അല്മായ ശുശ്രൂഷകരുടെയും ത്യാഗപൂർണ്ണമായ സേവനങ്ങളും വിശ്വാസത്തിൽ അടിയുറച്ച മാതാപിതാക്കളുടെ മാതൃകയും മാർഗ്ഗദർശനങ്ങളും കുടുംബങ്ങളുടെ കെട്ടുറപ്പിനും പുരോഗതിയ്ക്കും സുപ്രധാന പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു.

4. എന്നാൽ, നമ്മുടെ പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്ന ആശങ്കാജനകമായ ചില കാര്യങ്ങളുണ്ട്. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക-മാധ്യമരംഗങ്ങളിലെ പ്രത്യേകതകൾ വ്യക്തിജീവിതത്തേയും കുടുംബജീവിതത്തെയും ദോഷകരമായി സ്വാധീനിക്കുന്നു. വ്യക്തികേന്ദ്രീകൃതവാദവും ഉപഭോഗസംസ്ക്കാരവും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികലമായ ധാരണകളും വളരുന്നതിന് മേൽപ്പറഞ്ഞ മാറ്റങ്ങൾ കാരണമായി. ജീവിത പങ്കാളികൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലുമുള്ള ബന്ധങ്ങളെയും ഇത് ബാധിക്കാൻ തുടങ്ങിയിരിക്കുന്നു. മക്കളെ തിരുത്താൻ മാതാപിതാക്കൾക്കു സാധിക്കാതെ പോകുന്നു. പരസ്പരം പ്രോത്സാഹിപ്പിച്ചും, തിരുത്തിയും പങ്കുവെച്ചും കുടുംബത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിൽ ദമ്പതികൾക്കും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ധാർമ്മിക-വിശ്വാസ മൂല്യങ്ങളുടെ തകർച്ച, ദാമ്പത്യജീവിതത്തിലെ സംശയങ്ങൾ, സമർപ്പണമനോഭാവമില്ലായ്മ, സ്വാർത്ഥത, മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം, മാധ്യമങ്ങളുടേയും സാങ്കേതിക വിദ്യയുടേയും ദുരുപയോഗം, സ്ത്രീപുരുഷ അനുപാതത്തിലുള്ള അന്തരം, വിവാഹിതരാകാൻ സാധിക്കാതെ വരുന്ന പുരുഷൻമാരുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവയെല്ലാം നമ്മുടെ കുടുംബങ്ങളുടേയും സമൂഹത്തിന്റേയും കെട്ടുറപ്പിനെ തളർത്തുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ, നമ്മുടെ നിലനില്പിനെ ബാധിക്കുന്ന പ്രശ്നമാണ്. സാമ്പത്തികമായും സാമൂഹികമായും നമ്മുടെ കുടുംബങ്ങൾ പിന്നോട്ടു പോകുന്നു. സമൂഹത്തിന്റെ നേതൃനിരയിലേക്ക് ഉയരുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു. പൊതുപ്രവർത്തനത്തിലും സർക്കാർ-സേവന മേഖല

യിലും നമ്മുടെ സമുദായത്തിന്റെ സാന്നിദ്ധ്യം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ആവശ്യമായ തിരുത്തലുകൾക്ക് നാം തയ്യാറാകണം. കുടുംബത്തിന്റെ കെട്ടുറപ്പും പുരോഗതിയും വിശ്വാസജീവിതവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യം നാം മനസ്സിലാക്കണം. ഇസ്രായേൽ ജനം ദൈവകല്പനകൾ അനുസരിച്ച് വിശ്വാസജീവിതത്തിൽ വളർന്നപ്പോൾ ആ സമൂഹത്തിൽ സുരക്ഷിതത്വവും അഭിവൃദ്ധിയും ഐശ്വര്യവും നിറഞ്ഞു എന്നാണ് വി. ഗ്രന്ഥം പഠിപ്പിക്കുന്നത്.

**ഗാർഹിക സഭയുടെ ശാക്തീകരണം**

5. അതിനാൽ സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളുടെ നവീകരണവും ശാക്തീകരണവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് അജപാലനശുശ്രൂഷയിൽ അടിയന്തിര പ്രാധാന്യം നല്കാൻ എല്ലാവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു. വിശ്വാസസാക്ഷ്യമേകുന്ന കുടുംബങ്ങളെ വാർത്തെടുക്കാനും നയിക്കാനും സഭ നടത്തുന്ന പരിശ്രമങ്ങളാണ് കുടുംബ അജപാലനം. ഇത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്വമല്ല; മറിച്ച് മാതാപിതാക്കളും വൈദികരും സമർപ്പിതരും അൽമായ പ്രേഷിതരുമടങ്ങുന്ന സഭയിലെ എല്ലാവരുടേയും കൂട്ടുത്തരവാദിത്വമാണ്. ഈ ലക്ഷ്യത്തോടെ, കുടുംബങ്ങളേയും, കുടുംബങ്ങളുടെ അജപാലനശുശ്രൂഷകളിൽ നേതൃത്വം നല്കുന്ന എല്ലാവരേയും അജപാലന സംവിധാനങ്ങളേയും പരിശീലിപ്പിക്കാനും ശക്തിപ്പെടുത്താനും നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലി ആഹ്വാനം ചെയ്യുകയുണ്ടായി.

6. കുടുംബ അജപാലനത്തിൽ യുവജനങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ ഏറ്റവുമധികം സ്വാധീനിക്കുന്നത് യുവജനങ്ങളെയാണ്. വിശ്വാസജീവിതത്തിൽ വെല്ലുവിളികൾ നേരിടുമ്പോൾ ഉചിതമായ നിലപാടുകൾ തെരഞ്ഞെടുക്കാൻ അവരെ ശക്തരാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. സഭയുടെ അജപാലനദൗത്യത്തിൽ തങ്ങളുടേതായ പങ്കു വഹിക്കുവാൻ അവരെ സജ്ജരാക്കുകയും വേണം. കുട്ടികളേയും യൗവ്വനത്തിലെത്തിയ മക്കളേയും മാതാപിതാക്കളും അജപാലകരും കരുതലോടെ സഹഗമിക്കണം. സ്വാതന്ത്ര്യത്തിലും പക്വതയിലും ശിക്ഷണത്തിലും യഥാർത്ഥമായ ആത്മീയ നിയന്ത്രണത്തിലും വളരാൻ അവരെ സ്നേഹപൂർവ്വം സഹായിക്കുക എന്നതാണ് ഈ സഹഗമന

ത്തിന്റെ ലക്ഷ്യം (സുവിശേഷത്തിന്റെ ആനന്ദം, 261).

**ശാക്തീകരണത്തിലെ ഊന്നലുകൾ**

7. കുടുംബ അജപാലനത്തിൽ താഴെ പറയുന്ന മൂന്ന് ഊന്നലുകൾ ഉണ്ടാകണമെന്ന് അതിരൂപത അസംബ്ലി നിർദ്ദേശിച്ചിട്ടുണ്ട്.

**a. കുടുംബ കേന്ദ്രീകൃത അജപാലനം**

8. *കുടുംബത്തോടൊപ്പം സഭ, സഭയോടൊപ്പം കുടുംബം* എന്നതായിരിക്കട്ടെ നമ്മുടെ ദർശനവും ലക്ഷ്യവും. കുടുംബം നേരിടുന്ന വേദനകളിലും പ്രതിസന്ധികളിലും കൂടെ നടക്കുന്ന, ഒപ്പം നിൽക്കുന്ന ശൈലി സ്വന്തമാക്കുവാൻ നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതിനാൽ കുടുംബ കേന്ദ്രീകൃത അജപാലന പ്രവർത്തനങ്ങൾക്ക് വരും വർഷങ്ങളിൽ കൂടുതൽ പ്രാധാന്യം നല്കാൻ അസംബ്ലി ആവശ്യപ്പെടുന്നു.

**b. പങ്കാളിത്ത അജപാലനം**

9. ക്രൈസ്തവ കുടുംബങ്ങളെ വിശ്വാസസാക്ഷ്യത്തിന് പ്രാപ്തമാക്കുവാൻ, മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും അജപാലനരംഗത്ത് വ്യാപൃതരായിരിക്കുന്ന എല്ലാവരും പങ്കാളിത്തത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റെയും ശൈലി സ്വീകരിക്കണമെന്ന മൂന്നാം അതിരൂപത അസംബ്ലിയുടെ ആഹ്വാനം നമുക്ക് ഉൾക്കൊള്ളാം. എല്ലാം മുകളിൽ നിന്ന് സ്വീകരിക്കപ്പെടുന്ന ശൈലിയാണ് പലയിടങ്ങളിലും കാണുന്നത്. സഭയുടെ വിശ്വാസവും പാരമ്പര്യങ്ങളും മുറുകെ പിടിച്ചുകൊണ്ടും അധികാരികളോടു വിധേയത്വം പുലർത്തിക്കൊണ്ടും സഭയിലെ എല്ലാ അംഗങ്ങളും അവരവരുടെ ദൗത്യം നിർവ്വഹിക്കുമ്പോഴാണ് സഭക്ക് ശക്തിയും ശോഭയും ഉണ്ടാകുന്നത്. ഇതിനു സഹായിക്കുന്നതും പരസ്പരവിശ്വാസത്തിലും സഹകരണത്തിലും അടിത്തറയിട്ടുള്ളതുമായ പങ്കാളിത്ത അജപാലന രീതി പ്രോത്സാഹിപ്പിക്കുക എന്നതാണ് അതിരൂപതയുടെ അജപാലന ദർശനം.

**c. സഹഗമന ശൈലി**

10. സഹഗമന ശൈലി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് താഴെപ്പറയുന്ന കാര്യങ്ങളാണ്. കുടുംബത്തിലെ എല്ലാവരേയും താൽപര്യപൂർവ്വം ശ്രവിക്കുക, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുവാനും, വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാനും സന്മനസ്സു കാണിക്കുക, കൂട്ടായി പക്വതയുള്ള തീരുമാനങ്ങളെടുക്കുവാൻ കുടുംബാംഗങ്ങളെ പ്രാപ്തരാക്കുക, സർവ്വോപരി ദൈവത്തോടൊപ്പം നടക്കാനും വിശ്വാസത്തിൽ വളരാനും കുടുംബങ്ങളെ സഹായിക്കുക

(സുവിശേഷത്തിന്റെ ആനന്ദം, ന. 172–173)

**കുടുംബമായി കൂട്ടായ്മയായി വിശ്വാസത്തിൽ മുന്നോട്ട്**

11. അജപാലനലക്ഷ്യം നേടാൻ സഹായിക്കുന്ന ശാസ്ത്രീയമായ ആസൂത്രണമാണല്ലോ അജപാലനപദ്ധതി. ആദ്ധ്യാത്മികവും, സാമൂഹികവും, സാംസ്കാരികവുമായ വിവിധ പ്രവർത്തനങ്ങളെ സമയബന്ധിതമായും ക്രമമായും നടപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പാക്ടിന്റെ (PACT) നേതൃത്വത്തിൽ വരുന്ന അഞ്ച് വർഷങ്ങളിലേക്കായി ഒരു അജപാലന പദ്ധതി (Pastoral Plan) തയ്യാറാക്കിയിരിക്കുന്ന വിവരം നിങ്ങളെ സന്തോഷപൂർവ്വം അറിയിക്കുന്നു. കാലികമായ വെല്ലുവിളികളെ അതിജീവിക്കാൻ നമ്മുടെ അതിരൂപതയിലെ കുടുംബങ്ങളേയും അജപാലകരേയും സഹായിക്കുന്ന പ്രവർത്തനങ്ങൾ ഈ അജപാലന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ വർഷവും കുടുംബ അജപാലനത്തിലെ വ്യത്യസ്ത മേഖലകളിലുള്ള പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി ഊന്നൽ കൊടുക്കുന്നു. *കുടുംബ അജപാലന ശുശ്രൂഷകളും സംവിധാനങ്ങളുമാണ്* 2019 വർഷത്തെ അതിരൂപത അജപാലന പദ്ധതിയുടെ പ്രവർത്തന മേഖല. *വിവാഹത്തിന് ഒരുങ്ങുന്നവർ, വിവാഹശേഷമുള്ള ആദ്യ വർഷങ്ങൾ, 4 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ* എന്നീ വിഭാഗങ്ങൾക്കാണ് ഈ വർഷം പ്രത്യേക അജപാലന ശ്രദ്ധ നൽകേണ്ടത്. ഈ അതിരൂപത അജപാലന പദ്ധതിയുടെയും വിവിധ മേഖലകളിൽ നടന്ന അസംബ്ലി നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ എല്ലാ സമൂഹങ്ങളും സംഘടനകളും അജപാലന വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും അജപാലന രംഗത്ത് വ്യാപൃതരായിരിക്കുന്ന എല്ലാവരും പങ്കാളിത്തത്തിന്റേയും കൂട്ടുത്തരവാദിത്വത്തിന്റെയും സഹഗമനത്തിന്റേയും ശൈലി സ്വീകരിക്കാൻ അതിരൂപതയിലെ എല്ലാ അജപാലനഘടകങ്ങളും പരിശ്രമിക്കേണ്ടതാണ്. അതിനനുസൃതമായി അജപാലന സംവിധാനങ്ങളെ നവീകരിക്കുവാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ എല്ലാവരും ശ്രദ്ധ കാണിക്കണം.

12. സ്നേഹമുള്ളവരേ, കുടുംബങ്ങളുടെ കുടുംബമായ നമ്മുടെ അതിരൂപത നേതൃത്വം നല്കുന്ന ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. അതിരൂപതയുടെ വിവിധ തലങ്ങളിൽ അജപാലന നേതൃത്വം

വഹിക്കുന്ന ബഹു. വൈദികർ കുടുംബകേന്ദ്രീകൃത അജപാലന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണമെന്നും കുടുംബങ്ങളെ, പ്രത്യേകിച്ച് യുവജനങ്ങളേയും കുട്ടികളേയും സ്നേഹപൂർവ്വം സഹഗമിക്കാൻ കൂടുതൽ ശ്രദ്ധിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. ഇടവകകളിൽ ബഹു. വികാരിയോടൊപ്പം കുടുംബങ്ങൾക്കായുള്ള ശുശ്രൂഷകളിൽ പങ്കുകാരാകണമെന്ന് എല്ലാ സമർപ്പിതരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ, പാക്ടിന്റെ സഹായത്തോടെ, ഇടവകയിലെ കുടുംബങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഇടവകയിലെ പ്രതിനിധിയോഗാംഗങ്ങൾക്കും നേതൃത്വശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന മറ്റെല്ലാവർക്കും സാധിക്കട്ടെ. നമ്മുടെ കുടുംബകൂട്ടായ്മകളും, സംഘടനകളും, പ്രസ്ഥാനങ്ങളും ഇടവകകളും ഫൊറോനകളും സ്ഥാപനങ്ങളും ഒത്തൊരുമിച്ച്, ഒരേ ലക്ഷ്യത്തിനായി പ്രവർത്തിക്കുമ്പോൾ, ഒരു കുടുംബമായ്, കൂട്ടായ്മയായ് വിശ്വാസത്തിൽ മുന്നേറാൻ നമുക്കു സാധിക്കും.

ഈശോയുടെ പിറവിത്തിരുന്നാളിന്റേയും, നവവത്സരത്തിന്റേയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേർന്നുകൊണ്ടും കർത്താവിന്റെ സ്നേഹത്തിനും പരിപാലനയ്ക്കും നിങ്ങളെ ഭരമേല്പ്പിച്ചുകൊണ്ടും യേശുനാമത്തിൽ നിങ്ങളെ ഏവരേയും ആശീർവദിക്കുന്നു.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB : ഈ ഇടയലേഖനം 2018 ഡിസംബർ 16 നോ, സാധിച്ചില്ലെങ്കിൽ ഡിസംബർ 23നോ, നമ്മുടെ അതിരൂപതാതിർത്തിയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാന മധ്യേ വായിക്കേണ്ടതാണ്. **+AT**

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ജനുവരി 2019

1 : വർഷാരംഭം
 : നമ്മുടെ കർത്താവിന്റെ നാമകരണം
3 : വി. ചാവറ കുരിയാക്കോസ് ഏലീയാസ്
4 : ആദ്യവെള്ളി
 : ദൈവമാതൃത്വതിരുനാൾ
6 : **ന. കർത്താവിന്റെ പ്രത്യക്ഷവത്കരണതിരുനാൾ (ദനഹാതിരുനാൾ)**
 : **ദനഹാ ഒന്നാം ഞായർ**
11 : വി. യോഹന്നാൻ മാംദാന
13 : **ദനഹാ രണ്ടാം ഞായർ**
18 : സഭൈക്യവാരം ആരംഭം
19 : വി. സെബസ്ത്യാനോസ്
20 : **ദനഹാ മൂന്നാം ഞായർ**
24 : വി. ഫ്രാൻസീസ് സാലസ്
25 : വി. പൗലോസിന്റെ മാനസാന്തരം
 : വി. സുവിശേഷകന്മാർ
26 : വി. തിമോത്തിയും തീത്തൂസും
27 : **ദനഹാ നാലാം ഞായർ**
28 : വി. തോമസ് അക്വീനാസ്
31 : വി. ജോൺ ബോസ്കോ



**2. ജനുവരി മാസത്തെ പരിപാടികൾ**

ജനുവരി

| | | |
|---|---|---|
| 05 | : | 07:30 pm സാമ്പത്തിക സമിതിയോഗം |
| 21–23 | : | നവവൈദികർക്കുള്ള ക്ലാസ്സ് |
| 25 | : | 10:30 am ആലോചന സമിതിയോഗം |
| 26 | : | റിപ്പബ്ലിക് ദിനം മതബോധന സർവ്വീസ് അവാർഡ് |
| 30 | : | വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും |

**3. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ''ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (മത്താ. 3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോ മിശിഹായുടെ മാമ്മോദീസായിലൂടെ വെളിവാക്കപ്പെട്ടു.

ജനുവരി 6–ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി'പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (*ഏൽ പയ്യ*) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും

മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി.ഗ്രന്ഥ പ്രഘോഷണങ്ങളാണ് (വായനകൾ) ഈ കാലയളവിൽ നാം പ്രധാനമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെ തന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് സഭ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**4. അഭിനന്ദനങ്ങൾ:**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എൽ.എൽ.ബി.ക്ക് രണ്ടാം റാങ്ക് കരസ്ഥമാക്കിയ ഫാ. ഫ്രാങ്കോ പുത്തിരിക്ക് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

**5. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2018ലെ സംഭാവന കവറുകളും എല്ലാ വീടുകളിലേക്കും എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2019 ജനുവരി 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**6. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും** :

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2019 ജനുവരി 30ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2019നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 6-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**7. പാലയൂർ മഹാതീർത്ഥാടനം :**

2019 ഏപ്രിൽ 7-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ച്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും, ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. വൈദികരുടെ നിയമനം :**

1. ഫാ. ജസ്റ്റിൻ തടത്തിൽ
   -നടത്തുവികാരി കിഴുപ്പുള്ളിക്കര കൂടി; സാധുത 2018 നവംബർ 8 മുതൽ.
2. ഫാ. ജാക്സൺ ചാലക്കൽ
   - വികാരി തോളൂർ; സാധുത 2018 നവംബർ 4 മുതൽ.
3. ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ
   - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് തലക്കോട്ടുകര; സാധുത 2018 നവംബർ 16 മുതൽ.
4. ഫാ. ഷിബിൻ വട്ടപറമ്പിൽ MCBS
   - സഹവികാരി അരിമ്പൂർ; സാധുത 2018 നവംബർ 17 മുതൽ.
6. ഫാ. ജിന്റോ ചൂണ്ടൽ
   -സഹവികാരി കോട്ടപ്പടി; സാധുത 2018 നവംബർ 26 മുതൽ.
7. ഫാ. മനോജ് കീഴൂർമുട്ടിക്കൽ
   - സഹവികാരി പുത്തൂർ & കോർഡിനേറ്റർ പറോക്ക്; സാധുത 2018 നവംബർ 26 & 27 മുതൽ.
8. ഫാ. ബാബു ചിരിയങ്കണ്ടത്ത്
   - നടത്തുവികാരി കാരമുക്ക് നോർത്ത്; സാധുത 2018 ഡിസംബർ 1 മുതൽ 30 വരെ.
9. Fr. Antony Kollannur
   - Permission to re-incardinate to the Archeparchy of Trichur, w.e.f. 1st January, 2019

**9. പ്രത്യേക നിയമനങ്ങൾ :**

**1. കൈക്കാരന്മാർ :**

ചിറ്റാട്ടുകര (തിരുത്ത്)
പൊറത്തൂർ ചാക്കുണ്ണി ടോമി
ചുവന്നമണ്ണ്
റോയ് ഏനോക്കാരൻ
മാത്യു കുന്നപ്പിള്ളി
ചെറിയാൻ വള്ളൂരാൻ
ചെങ്ങാലൂർ
ജോയ് പൂവ്വത്തൂക്കാരൻ
ജോയ് പൂണത്ത്
ഡാർലി വടക്കുംപറമ്പിൽ
ജോൺസൻ ചക്ലാത്തി
ചെങ്ങാലൂർ(ക്രിസ്തുരാജ)

തോട്ട്യാൻ ഇനാശു ബിജു
തോട്ട്യാൻ ജേക്കബ് ഷാബു
മരോട്ടിച്ചാൽ
ഇലവുങ്കൽ ബേബി
ചേനപ്പാടി ബേബി
വടക്കുംഞ്ചേരി ജോമോൻ
മറ്റം

ചിറ്റിലപ്പിള്ളി അന്തോണി വിൻസൻ
കാക്കശ്ശേരി അന്തോണി റാഫേൽ
പുലിക്കോട്ടിൽ തോമസ് സേവ്യർ
ചിറമ്മൽ തോമസ് ജോൺസൺ

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ

# ജീവിത മാർഗ്ഗദർശന ക്യാമ്പുകൾ ഇടവകകളിൽ




മൈനർ സെമിനാരിയുടെ നേതൃത്വത്തിൽ ഡിഗ്രി പഠിക്കുന്ന വൈദികവിദ്യാർത്ഥികളെ ഉൾപ്പെടുത്തി 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ദൈവവിളി വിവേചിച്ചറിയുവാനും വളർത്തുവാനും നിങ്ങളുടെ ഇടവകകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ടീമുകളെ ഒരുക്കിയിട്ടുണ്ട്. സമയം 2 മണി മണിക്കൂർ (10 മുതൽ 12 വരെ) അല്ലെങ്കിൽ (2 മുതൽ 4 വരെ) ഞായറാഴ്ച ദിവസങ്ങളിലാണ് അഭികാമ്യം. വീഡിയോ, ഓഡിയോ സഹായത്തോടെയാണ് ക്ലാസ്സുകൾ ഒരുക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് മൈനർ സെമിനാരിയുമായി ബന്ധപ്പെടുക.

Prot No:
2806/2018/S/ABP
Date: 02/Nov/2018

**കൽപ്പന നമ്പർ :**
**2210/2018 (DL 5/2018),**
**തിയതി 02.11.2018**

# തോളൂർ ഇടവക സ്ഥാപനഡിക്രി

പറപ്പൂർ, പോന്നോർ ഇടവക പെ. ബഹു. വികാരിമാർക്കും, തോളൂർ പ്രീസ്റ്റ് – ഇൻ – ചാർജ്ജിനും, കൈക്കാരന്മാർക്കും, ഇടവകക്കാർക്കും ആശീർവ്വാദം

സൂചന:

1. ഇടവകരൂപീകരണത്തിനുവേണ്ടി കമ്മറ്റി തീരുമാനപ്രകാരം തോളൂർ കുരിശുപള്ളിയിൽ നിന്നുമുള്ള 19.03.2018 ലെയും, 26.04.2018ലെയും അപേക്ഷകൾ.
2. അതിരൂപതാ വൈദിക സമിതിയുടെ 14.06.2018 ലെ (നമ്പർ 9) ശിപാർശ.
3. തോളൂർ ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. പോന്നോർ വികാരിയുടെ 05.08.2018 ലെ റിപ്പോർട്ട്.
4. തോളൂർ ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. പറപ്പൂർ വികാരിയുടെ 29.09.2018 ലെ റിപ്പോർട്ട്.
5. തോളൂർ സെന്റ് അൽഫോൻസ ഇടവക രൂപീകരണത്തെ സംബന്ധിച്ച് അതിരൂപതാ അതിർത്തി നിർണ്ണയകമ്മറ്റിയുടെ 02.10.2018 ലെ റിപ്പോർട്ട്.
6. അതിരൂപതാ ആലോചനസമിതിയുടെ 04.10.2018 ലെ (നമ്പർ 121/2018) ശിപാർശ.
7. ഇടവകരൂപീകരണം സംബന്ധിച്ച് Prot No. 2996/2018 പ്രകാരം പറപ്പൂർ, പോന്നോർ ഇടവകകളിൽ നടത്തിയ പരസ്യപ്പെടുത്തൽ.
8. പോന്നോർ ഇടവകയിലെ 4 കുടുംബാംഗങ്ങളുടെ പരാതികളും (23.10.2018) അതേക്കുറിച്ചുള്ള ബഹു. പോന്നോർ വികാരിയുടെ റിപ്പോർട്ടും (30.10.2018).

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ പറപ്പൂർ ഇടവകയുടെ ഭാഗമായിരുന്ന **തോളൂർ സെന്റ് അൽഫോൻസ ചാപ്പൽ** കേന്ദ്രീ

കരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കാസമൂഹത്തെ **2018 നവംബർ മാസം 4-ാം തിയതി മുതൽ** ഒരു ഇടവകയായി ഇതിനാൽ ഉയർത്തിയിരിക്കുന്നു.

**തോളൂർ ഇടവകയുടെ അതിർത്തികൾ**

**കിഴക്ക്**

K.W.A പമ്പ് ഹൗസ് നിന്ന് പാടാതിർത്തിയിലൂടെ തെക്കോട്ട് K.L.D.C തോട്ടപ്പാൾ ബണ്ടിൽ (ശ്രീ പിഷാരിക്കൽ ഭഗവതിക്ഷേത്രത്തിനടുത്തു) കാളിപ്പാടം തോട് ആരംഭിക്കുന്നതുവരെ പടിഞ്ഞാറു ഭാഗം മാത്രം ഉൾപെടുത്തുന്നു. കിഴക്ക് ഭാഗം മുള്ളൂർ കായൽ പാടശേഖരമാണ്.

**തെക്ക്**

മുള്ളൂർ കായലിൽ സ്ഥിതിചെയ്യുന്ന K.L.D.C തോട്ടപ്പാൾ ബണ്ടിൽ നിന്നും പടിഞ്ഞാറോട്ടു പോകുന്ന കാളിപ്പാടം തോടിന്റെ വടക്കുഭാഗം മാത്രം ഉൾപ്പെടുത്തി പടിഞ്ഞാറ് അതിർത്തിയായ കേച്ചേരി മേഞ്ചിറ തോടിലെ കല്ലാറാംതോട് ബണ്ട് എത്തിനിൽക്കുന്നു. K.L.D.C കാളിപ്പാടം തോടിന്റെ തെക്കുഭാഗം പറപ്പൂർ ഇടവകയുടേതായിരിക്കും

**പടിഞ്ഞാറ്**

കേച്ചേരി മേഞ്ചിറ കനാലിന്റെ കാളിപ്പാടം തോട് ചേരുന്നിടം മുതൽ വടക്ക് കല്ലാറാം തോട് ബണ്ടിലെ കേച്ചേരി മേഞ്ചിറ തോടിലെ ചീപ്പുവരെ കനാലിന്റെ കിഴക്കുഭാഗം മാത്രം ഉൾ പ്പെടുത്തിയിരിക്കുന്നു. കേച്ചേരി മേഞ്ചിറ കനാലിന്റെ പടിഞ്ഞാറുഭാഗം പാടശേഖരമാണ്.

**വടക്ക്**

കല്ലാറം തോട് ബണ്ടിലെ കേച്ചേരി മേഞ്ചിറ തോടിലെ ചീപ്പു മുതൽ കിഴക്കോട് പോയി മൂക്കാല - കോളനിപ്പടി റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി, തോളൂർ വെസ്റ്റ് ട്രാൻസ്ഫോർമർ നിൽക്കുന്നിടത്ത് എത്തി, അവിടെനിന്ന് വടക്കോട്ട് പോകുന്ന വഴിയുടെ ഇരുവശവും ഉൾപ്പെടുത്തി ചെറുവത്തൂർ റോഡിലെത്തി, ടി. റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി തെക്കോട്ട് പോയി, പറപ്പൂർ - കൈപ്പറമ്പ് റോഡിൽ എത്തി ടി. റോഡിലൂടെ പടിഞ്ഞാറുവശം മാത്രം ഉൾപ്പെടു ത്തി തെക്കോട്ട് പോയി, സബ്സ്റ്റേഷൻ കവലയിൽ എത്തി, കിഴക്കോട്ട് ശവക്കോട്ട വഴിയുടെ ഇരുവശവും ഉൾപ്പെടുത്തി, കുണ്ടുകുളങ്ങര II റോഡി ലെത്തി, ടി. റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി വടക്കോട്ട് K.W.A പമ്പ് ഹൗസ് എത്തിചേരുന്നു.

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽ തന്നെ തോളൂർ ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും

അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു നല്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കല്പനയായി നല്കുന്നു. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും 2018 നവംബർ 4–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2–4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രിസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

അതിരൂപതാ
കാര്യാലയത്തിൽ നിന്ന്
2018 നവംബർ മാസം 2–ാം
തിയതി നൽകപ്പെടുന്നത്.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

*കോപ്പി:*
ബഹു. പോന്നോർ ഇടവക വികാരി
ബഹു. എടക്കളത്തൂർ ഇടവക വികാരി
പെ. ബഹു. പറപ്പൂർ ഇടവക വികാരി

# തോളൂർ ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

**കൽപ്പന നമ്പർ : 2210/2018 (DL 5/2018),**

**തിയതി 02.11.2018**

പറപ്പൂർ, തോളൂർ, പോന്നോർ എന്നീ ഇടവകകളുടെ ബഹു. വികാരിമാർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.

തോളൂർ ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. തോളൂർ ഇടവക പറപ്പൂർ ഫൊറോനയുടെ ഭാഗമായിരിക്കും.
2. തോളൂർ ഇടവകയ്ക്ക് സ്വന്തമായി പള്ളിയുണ്ടാകുന്നതുവരെ തോളൂർ ഇടവകാംഗങ്ങളുടെ എല്ലാ ആരാധനാവശ്യങ്ങൾക്കുമായി തോളൂരുള്ള അൽഫോൻസ ചാപ്പൽ ഉപയോഗിക്കുന്നതിന് അനുവദിക്കുന്നു. ഇടവകയ്ക്ക് നിയമാനുസൃതമായ പള്ളി ഉണ്ടാകുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ എത്രയും വേഗത്തിൽ ചെയ്യേണ്ടതാണ് (ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള കോടതി വിധികൾക്ക് വിരുദ്ധമല്ലാത്ത വിധത്തിലാണ് ഈ കല്പന നല്കുന്നത്).
3. തോളൂർ ഇടവകയ്ക്ക് മാതൃ ഇടവകയായ പറപ്പൂരിൽ നിന്നു അതിരൂപതാനിയമാവലി പ്രകാരം, നല്കേണ്ട വിഹിതം അതിരൂപത കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ, ബന്ധപ്പെട്ട ഇടവകകളിലെ വികാരിമാർ, കൈക്കാരന്മാർ എന്നിവർ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
4. പറപ്പൂർ സെന്റ് ജോൺസ് സ്കൂളിലേക്കുള്ള നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ തോളൂർ ഇടവകയ്ക്ക് അടുത്ത 25 വർഷത്തേക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
5. തോളൂർ ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടണ്ടാകുന്നതുവരെ തോളൂർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃഇടവകകളായ പറപ്പൂർ, പോന്നോർ ഇടവകകളുടെ സെമിത്തേരികൾ ഉപയോഗിക്കാൻ അവകാശം ഉണ്ടാ

യിരിക്കും. ടി. സെമിത്തേരികളിൽ സ്ഥിരം കല്ലറ, കുടുംബകല്ലറ എന്നിവയുള്ള തോളൂർ ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. തോളൂർ ഇടവകാംഗങ്ങളുടെ മൃതസംസ്കാരം പറപ്പൂർ, പോന്നോർ എന്നീ പള്ളികളുടെ സെമിത്തേരികളിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം തോളൂർ പള്ളിയിലോ, ബന്ധപ്പെട്ട ഇടവകപ്പള്ളിയിലോ നടത്താവുന്നതാണ് (തോളൂർ ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം).

6. ചാലക്കൽ ബഹു. ജാക്സൺ അച്ചനെ **2018 നവംബർ** 4 മുതൽ തോളൂർ ഇടവകയുടെ പ്രഥമ വികാരിയായി നിയമിക്കുന്നു.

7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും **2018 നവംബർ** 4 മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ
കാര്യാലയത്തിൽ നിന്ന്
2018 നവംബർ മാസം 2-ാം
തിയതി നൽകപ്പെടുന്നത്.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ
## ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Tue | | Curia Meeting |
| 02 | Wed | Morning | **For Priests & Religious** |
| 03 | Thu | Morning | **For the People** |
| | | Afternoon | Priestly Ordination at Aranattukara Dn. Saneesh Paul Perinchery OSST |
| | | Evening | Programme at Mundur |
| 04 | Fri | Morning | Curia Meeting, Holy Mass at Minor Seminary; Deepika &Teachers' Guild Children's Program at DBCLC |
| | | Afternoon | L.F. H.S.School Annual Day at Guruvayoor |
| 05 | Sat | Morning | Program at Basilica Thrissur |
| 07-12 | | | Syro-Malabar Bishops' Synod |
| 13 | Sun | Evening | Golden Jubilee Celebration of Cherumkuzhy Parish |
| 14-18 | | | Syro-Malabar Bishops' Synod |
| 19 | Sat | Morning | KCYM State Senate Meeting at DBCLC |
| | | Afternoon | PAROC International Seminar at Marymatha Seminary; |
| 20 | Sun | | Pastoral Visit at Panamukku |
| 21 | Mon | Morning | Program at Chiyyaram; |
| | | Afternoon | Vestition (CSS) at Snehodaya Provincial House, Mannuthy |

| | | | |
|---|---|---|---|
| 22 | Tue | Morning | Holy Mass with New Priests at DBCLC |
| | | Afternoon | KCSL Annual Day at DBCLC |
| | | Evening | *Balakalolsavam* at MMB Manalur East |
| 23 | Wed | Morning | **For the People, Priests & Religious** |
| 24 | Thu | Morning | Jubilee Holy Mass at St. Paul's CSS, Thrissur |
| | | Evening | Annual Day of Holy Cross CBSE School, Arthat |
| 25 | Fri | | Inter- Church Council at Kottayam |
| 26 | Sat | Morning | Holy Mass at Chennaipara Ashram |
| | | Afternoon | Catechism Day Celebration at DBCLC |
| | | Evening | Silver Jubilee Celebration of Rev. Fr. Shaju Ukken at Olarikkara |
| 27 | Sun | Morning | Holy Mass at Athani and Blessing of Karunya Bhavanam; |
| | | Afternoon | CLC General Body meeting at Family Apostolate; Holy Childhood Jubilee Celebration at DBCLC |
| | | Evening | Holy Mass at Palakkal and Chappel Blessing |
| 29 | Tue | Morning | Curia Meeting; Holy Mass at Marymatha Seminary |
| 30 | Wed | Morning | Holy Mass at Lourdenatha (CSM) Thrissur; Priests' Conference & Welcoming the New Priests |

[ കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.
*സങ്കീ. 27:1* ]

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ജനുവരി മാസത്തെ പരിപാടികൾ

# JANUARY 2019

| Date | Day | Time | Description |
|---|---|---|---|
| 11 | Tue | Morning | Puthanpeedika - Festal Mass; Engaged |
| 2 | Wed | Morning | Mannuthy Generalate - Mass |
| | | Evening | Mundur- Jubilee Wishing |
| 3 | Thu | Morning | Enganged |
| | | Evening | Mannuthy Samaritan Srs.- Interview |
| 4 | Fri | Morning | Amballur - Mass<br>Curia Meeting; JMMC- Lamp Lighting |
| | | Evening | Ammadam - St Antony's School Retirement |
| 5 | Sat | Morning | Nellikkunnu - Mass, *Kodiyettam;* Nellankara - Golden Jubilee Mass; Kuriachira - Marriage Blessing; St. Thomas School Retirement |
| | | Evening | Engaged |
| **6** | **Sun** | Morning | Chemmannoor - Mass, *Kodiyettam,* |
| | | Evening | Venginissery- Parish Day |
| 7- 18 | | | Syro- Malabar Synod |
| **13** | **Sun** | Morning | Puthur- Mass, *Kodiyettam,* |
| | | Evening | Kannamkualangara- Parish Day |
| 19 | Sat | | Seminar, Engaged |

| | | | |
|---|---|---|---|
| **20** | **Sun** | Morning | Chiranellor- Mass, Blessing of Karunyabhavanam |
| | | Evening | Velupadam- Jubilee Inauguration |
| 21 | Mon | | Classes for New Preists |
| 22 | Tue | | Classes for New Preists; Marymatha Seminary |
| 23 | Wed | Morning | DBCLC- Mass & Classes for New Preists; Classes in Marymatha Seminary |
| | | Evening | LRC Seminar |
| 24 | Thu | Morning | LRC Seminar, Consulters' Meeting |
| | | Evening | Mulayam- SNDS Convent Alter Blessing |
| 25 | Fri | Morning | Charalkunnu Engaged |
| 26 | Sat | Morning | Chazhoor- Mass, Minor Seminary- Parents' Meet |
| **27** | **Sun** | Morning | Anthikkad- Mass, Altar Blessing, Varantharapilly- Festal Mass |
| | | Evening | DBCLC- B.A. Theology |
| 28 | Mon | Morning | Minor Seminary- Mass |
| | | Evening | Pullazhy- Kodiyettam, Mass |
| 29 | Tue | | Engaged |
| 30 | Wed | Morning | Presbyterium |
| | | Evening | Kokkala- St. Augustine School Retirement |
| 31 | Thu | Morning | CSM Lourdenatha Provincial House - Mass; For Priests & Religious |
| | | Evening | Engaged |

എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്.

*ജറെമിയ 31:3*



# നാളാഗമം

## നവംബർ 2018

1. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് 3 മണിക്ക് മുണ്ടൂർ സെന്റ് ഫ്രാൻസീസ് സന്യാസിനീ സമൂഹത്തിന്റെ നവീകരിച്ച മഠത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എരുമപ്പെട്ടി ഇടവകയിൽ മെത്രാഭിഷേകത്തിന്റെ ഭാഗമായി നൽകുന്ന വീടിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു. ജൂബിലി ആശുപത്രി ടാലന്റ് ഡേയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജ് മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് മണ്ണംപേട്ട ഇടവക പള്ളിയിലെ പുതുക്കിയ മദ്ബഹയുടെ ആശീർവാദ കർമ്മം നിർവഹിച്ച് വി. ബലിയർപ്പിക്കുകയും ചെയ്തു.
2. സകല മരിച്ചവരുടെയും ഓർമ്മദിനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിലും അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ ബസിലിക്കയിലും വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് തൃശ്ശൂർ ലൂർദ്ദ് ഇടവക തിരുനാൾ കൊടിയേറ്റം നടത്തി വി. ബലിയർപ്പിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൊയക്കാവ് ഇടവകയിൽ കൂത്തൂർ വെള്ളാട്ടുകര ഫ്രാൻസിസിന്റെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ക്രിസ്റ്റീനഹോമിൽ നടന്ന ചടങ്ങിൽ വച്ച് ഫാ. ജോൺസൻ ചാലിശ്ശേരിക്ക് പൗരോഹിത്യ രജതജൂബിലി ആശംസകൾ നേർന്നു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ ക്രിസ് ഗോൾഡ് ഫോറത്തിന്റെ പ്രീപറേട്ടറി യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ.സി.വൈ.എം. യുവജന ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന മേഖലാ പ്രയാണങ്ങൾക്ക് സ്വീകരണം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് മേരിമാത സെമിനാരിയിൽ പറോക്ക് വിലയിരുത്തൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ ഫാ. ഫ്രാൻസിസ് എടക്കളത്തൂരച്ചന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മേരിമാത സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിലും സംബന്ധിച്ചു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തോളൂർ പള്ളിയെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും പള്ളിയുടെ നവീകരിച്ച അൾത്താര കൂദാശ ചെയ്യുകയും ചെയ്തു. തുടർന്ന് അതിരൂപത കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന യുവജനസംഗമത്തിൽ പങ്കെടുത്തു. തൃശ്ശൂർ ബസിലിക്ക ഫൊറോനയിൽ നടന്ന പാക്ട് പരിശീലനപരിപാടിയിൽ ആശംസകൾ നേർന്നു സംസാരിച്ചു. അഭിവന്ദ്യ ടോണി പിതാവ് മുല്ലക്കര ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. അതിരൂപത യുവജന സംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പാക്ട് ഫൊറോന കൺവെൻഷന്റെ ഭാഗമായി എരുമപ്പെട്ടി, വടക്കാഞ്ചേരി, ഒല്ലൂർ ഫൊറോനകളിൽ സന്ദർശിച്ചു.

5. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന എക്യുമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. ഒളരിക്കര സി.എച്ച്.എഫ്. കോൺവെന്റിൽ സന്യാസത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന് ആശംസകൾ നേർന്നു.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മാർ ജോർജ്ജ് ആല

പ്പാട്ട് പിതാവിന്റെ അനുസ്മരണ ബലി തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ അർപ്പിച്ചു. ഡി.ബി.സി.എൽ.സി.യിൽ നടന്ന കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു സംസാരിച്ചു. ഒളരിക്കര സി.എച്ച്.എഫ്. കോൺവെന്റിൽ സന്യാസത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വിജ്ഞാന കൈരളി വിവാദവുമായി ബന്ധപ്പെട്ട് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ നടന്ന പ്രതിഷേധ സംഗമത്തിൽ സംസാരിച്ചു. ഉച്ച കഴിഞ്ഞ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് നീലങ്കാവിൽ ബെന്നിയുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സി. മെർളിൻ സി.എച്ച്.എഫ്. ന്റെ മൃതസംസ്കാര കർമ്മം ഒളരിക്കരയിൽ നടത്തി. ചേറൂർ ആബാ ധ്യാന കേന്ദ്രത്തിൽ റീജണൽ കരിസ്മാറ്റിക് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് അരണാട്ടുകര കരിസ്മാറ്റിക് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

8. അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ തിരുനാളിനോടനുബന്ധിച്ചുള്ള സ്നേഹസംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് പ്രളയദുരിതത്തിൽപ്പെട്ടവരെ സഹായിക്കാനായി തിരുനാൾ ആഘോഷം കുറച്ച് സമാഹരിച്ച തുകകൊണ്ട് 5 ഭവനങ്ങൾ നൽകുന്ന പദ്ധതിക്ക് പ്രത്യേക ആശംസകൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് ഒളരിക്കര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് പ്രസിദേന്തി വാഴ്ച നടത്തി വി. ബലിയർപ്പിച്ചു.

9. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പി.ആർ.ഒ. മാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അളഗപ്പനഗർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വിവാഹ കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും വൈകീട്ടു നടന്ന ആഘോഷ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയുടെ ഹോം ഡേ അഗാപ്പെയിൽ പങ്കു ചേർ

ന്നു. വൈകിട്ട് പാസ്റ്ററൽ പ്ലാൻ പ്രീലിമിനറി കൺസൾട്ടേഷൻ യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യപിതാക്കന്മാർ അതിരൂപത അവാർഡ് ദിനത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ബൊൻ നത്താലെ പ്രളയ ദുരിതബാധിതരെ സഹായിക്കുന്നതിന്റെ ഭാഗമായി സാന്ത്വനം മണ്ണുത്തിയിൽ നിർമ്മിച്ചു നൽകുന്ന വീടിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു. ശേഷം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. വൈകീട്ട് വേലൂർ, കൊട്ടേക്കാട് ഫൊറോനകളുടെ പാക്ട് പരിശീലന യോഗത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് എരനെല്ലൂരിൽ നടന്ന വേലൂർ വിൻസെന്റ് ഡി പോൾ ഏരിയ കൗൺസിലിന്റെ സുവർണ്ണ ജൂബിലി സമാപനത്തിൽ സന്ദേശം നൽകി. വൈകിട്ട് ഡി.ബി.സി.എൽ.സി. യിൽ നവീകരിച്ച ബുക്ക് സ്റ്റാൾ സമുച്ചയം ആശീർവദിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാലയൂർ ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് പാക്ട് ഫൊറോന കൺവെൻഷനുകളിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ നടന്ന സി.ബി.സി.ഐ. Consultation on Education യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡീക്കന്മാർക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഫാ. പോൾ കള്ളിക്കാടന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13. അഭിവന്ദ്യ ടോണി പിതാവ് വടവാടൂർ സെമിനാരിയിൽ പൗരോഹിത്യ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കന്മാർക്കായി വി. ബലിയർപ്പിക്കുകയും അവരുടെ മാതാപിതാക്കളുമായുള്ള യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ശേഷം ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന സീറോ മലബാർ മാതൃവേദി സെനറ്റ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചക്ക് ശക്തൻ നഗറിൽ നടന്ന ദൈവ ശബ്ദം ബൈബിൾ കൺവെൻഷൻ വി. ബലിയർപ്പിച്ച് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

15. ആർച്ച്ബിഷപ്പ്സ് ഹൗസിൽ ഫൊറോന വികാരിമാരുടെ യോഗത്തിലും ഉച്ചകഴിഞ്ഞ് മേരിമാത മേജർ സെമിനാരി

യിൽ പറോക് ട്രസ്റ്റ് മീറ്റിംഗിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് വിജ്ഞാന കൈരളി മാസികയിൽ ബൈബിളിനെയും കത്തോലിക്കാവിശ്വാസങ്ങളെയും അവഹേളിക്കുന്ന രീതിയിൽ വന്ന ലേഖനങ്ങൾക്കെതിരെ കാത്തലിക് കോൺഗ്രസ്സ് സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിൽ പങ്കെടുത്തു. ശേഷം അതിരൂപത സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും ബ്രദേഴ്സിന് ക്ലാസ്സെടുക്കുകയും ചെയ്തു. വൈകീട്ട് തലോർ എസ്.ഡി.വി. ക്കാരുടെ സന്യാസഭവനത്തിൽ വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് അളഗപ്പനഗറിൽ വിവാഹ കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. തുടർന്ന് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് പെരിങ്ങണ്ടൂർ പോപ് പോൾ മേഴ്സി ഹോം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജ് ഗവേണിംഗ് കൗൺസിലിൽ പങ്കെടുത്തു. വടൂക്കര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് പ്രസുദേന്തി വാഴ്ച നടത്തി വി. ബലിയർപ്പിച്ചു.

17. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പള്ളിക്കുന്ന് ഇടവകയിൽ വച്ച് പാലക്കാട് രൂപതയ്ക്കായി സേവന മനുഷ്ഠിച്ചിരുന്ന ഫാ. ജോഷി ചക്കാലക്കലിന്റെ മൃതസംസ്കാര കർമ്മത്തിൽ മുഖ്യകാർമ്മികനായി. അഭിവന്ദ്യ ടോണി പിതാവ് പള്ളിക്കുന്ന് ഇടവകയിൽ വി. ബലിയർപ്പിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഏങ്ങണ്ടിയൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകിട്ട് തൃക്കൂർ ഇടവക ജൂബിലി സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. കുണ്ടന്നൂരിൽ നടന്ന വടക്കാഞ്ചേരി ഫൊറോന യുവജന സംഗമത്തിൽ സംസാരിച്ചു. ദൈവശബ്ദം കൺവെൻഷന്റെ സമാപന വി. ബലിയർപ്പിച്ചു. വൈകീട്ട് അഴീക്കോട് തിരുനാൾ കൊടിയേറ്റവും വി. ബലിയർപ്പണവും നടത്തി.

19. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് പാക്ട് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ്

ശേഷം വടക്കൻ ട്രസ്റ്റ് മീറ്റിം ഗിൽ പങ്കെടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുക്കാട് ഫൊറോന നടത്തിയ വൊക്കേഷൻ പ്രൊമോഷൻ ആൺകുട്ടി കളുടെ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ശേഷം പ്ലാറ്റിനം ജൂബിലിയാഘോഷി ക്കുന്ന സി.എസ്.സി. സന്യാ സിനീസമൂഹത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന സന്യാസിനികളുടെയും കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികനായി. വൈകീട്ട് നവതി ആഘോഷിക്കുന്ന ഷെവ. എൻ.എ. ഔസേപ്പ് മാഷിനും പൗരോഹിത്യ ജൂബി ലിയാഘോഷിക്കുന്ന അഭിവന്ദ്യ ടോണി പിതാവിനും ലൂർദ്ദ് കത്തീഡ്രലിൽ ആശംസകൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് കൊള്ളന്നൂർ ബഹു. ജോണച്ചന്റെ അനുസ്മരണ ബലിയിൽ ആമുഖസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പുത്തൂർ ഇടവകയിൽ ഡീ. ജോബി പൊറത്തൂർ കപ്പൂച്ചിന്റെ തിരു പ്പട്ടദാനശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുക്കാട്ടുകര ഇട വകയിൽ ഡീ. പോൾ പൂവ്വത്തി ങ്കൽ കപ്പൂച്ചിന് തിരുപ്പട്ടദാന കർമ്മത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. ഉച്ചക്ക് എം.എം. ബി. സെന്റ് തോമസ് പ്രോവിൻ സ് ഡേ ആഘോഷങ്ങളിൽ മരിയാപുരത്ത് പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമി നാരിയിൽ വി. ബലിയർപ്പിച്ചു. ചിയ്യാരം ഹോളി ഫാമിലി കോൺവെന്റിൽ ജൂബിലി യോടനുബന്ധിച്ച് വി. ബലിയർ പ്പിച്ചു. ഉച്ചകഴിഞ്ഞ് പാക്ട് മീറ്റിംഗിൽ സംബന്ധിച്ചു. വൈകിട്ട് പാവറട്ടി തീരദേശ കൺവെൻഷനിൽ ആമുഖ സന്ദേശം നൽകി.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അസ്സീസി പ്രോവിൻ ഷ്യൽ ഹൗസിൽ വി. ബലിയർ പ്പിച്ചു.

23. അഭിവന്ദ്യ ടോണി പിതാവ് ദേവമാത സ്കൂളിൽ അവാർഡ് ജേതാക്കളായ വിദ്യാർത്ഥികളെ ആദരിച്ചു.

24. അഭിവന്ദ്യപിതാക്കന്മാർ സന്യസ്തജൂബിലിയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മരത്താക്കര ഇടവ കയിൽ തിരുനാളിനോടനു ബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പി.ഒ.സി. യിൽ നടന്ന വിദ്യാഭ്യാസകമ്മീഷന്റെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സാഹിത്യ അക്കാദമിയിൽ

മേരിവിജയം അവാർഡ്ദിന ഉദ്ഘാടനം നിർവഹിച്ചു. തൃശ്ശൂർ ബസിലിക്കയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും കൂടുതുറുക്കൽ ശുശ്രൂഷയിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു. ശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജ് സ്റ്റാഫ് ഫാമിലി മീറ്റിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്കയിൽ തിരുനാൾ ദിവ്യബലിയർപ്പിച്ചു. വൈകീട്ട് 3 മണിക്ക് മുല്ലക്കര ഇടവകയുടെ ഇടവക ദിനാചരണത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ശേഷം മനക്കൊടി സാവിയോ ഹോമിന്റെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് തങ്ങാലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. ശേഷം ക്രൈസ്റ്റ് വില്ല ഹോം ഡേ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചേരുംകുഴി ഇടവകയിൽ സുവർണ്ണ ജൂബിലി വി. ബലിയർപ്പിച്ചു. വൈകീട്ട് ആബാ ധ്യാനകേന്ദ്രത്തിൽ കൗൺസിലേഴ്സിന് ക്ലാസ്സെടുത്തു.

26. അഭിവന്ദ്യപിതാക്കന്മാർ പാലക്കാട് ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവും അഭിവന്ദ്യ ടോണി പിതാവും തൃശ്ശൂരിൽ അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. വൈകിട്ട് ചേറൂരിൽ വി. അർത്തോമിയ സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ പേട്രൺസ് ഡേയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് കുറുമാൽ ഇടവകയിൽ പണിതീർത്ത സെന്റ് ജോർജ്ജ് കപ്പേളയുടെ ആശീർവാദകർമ്മവും നവീകരിച്ച അൾത്താരയുടെ കൂദാശകർമ്മവും നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് മൗണ്ട് സെന്റ് തോമസിൽ പൗരോഹിത്യ രജത ജൂബിലിയാഘോഷിക്കുന്ന വൈദികർക്കായി വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ കൗൺസിലേഴ്സിന് ക്ലാസ്സെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ പേട്രൺസ് ഡേയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഡി. ബി. സി. എൽ. സി. യിൽ വൈദികമാസധ്യാനം, അഭിവന്ദ്യ താഴത്ത് പിതാവിന്റെ

നാമഹേതുക തിരുനാളാഘോഷം, അഭിവന്ദ്യ ടോണി പിതാവിന്റെ പൗരോഹിത്യ രജത ജൂബിലിയാഘോഷം എന്നിവയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അത്താണി പോപ്പ് പോൾ പീസ് ഹോമിൽ വി. ബലിയർപ്പിച്ചു. വി. അന്ത്രയോസ് ശ്ലീഹായുടെ തിരുന്നാൾ ആഘോഷിച്ചു. വി. കുർബാനക്കു ശേഷം പീസ് ഹോം, മേഴ്സി ഹോം, ഗ്രേസ് ഹോം, ടിംഹാൻസ് എന്നിവിടങ്ങൾ സന്ദർശിച്ചു. വൈകീട്ട് കുരിയച്ചിറ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ ലൂർദ്ദ് സ്കൂളിന്റെ വാർഷികാഘോഷ പരിപാടികളിൽ പങ്കെടുത്തു.

മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ

*യോഹ. 11: 25-26*







## നാമകരണനടപടികൾ

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

10.11.2018 രാവിലെ ദിവ്യകാരുണ്യ ആരാധനയോടുകൂടി തിരുക്കർമ്മങ്ങൾ ആരംഭിച്ചു.ആരാധന നയിച്ചത് ചേലക്കര ജീവോദയ ചാരിറ്റിമഠത്തിലെ സിസ്റ്റേഴ്സ് ആയിരുന്നു. തുടർന്ന് ദൈവദാസനെപ്പറ്റിയുള്ള ചിന്തകൾ ചേലക്കര പള്ളി സഹവികാരി ഫാ. ആൻസൻ നീലങ്കാവിൽ പങ്കുവെച്ചു: "ഊക്കനച്ചനെ സംബന്ധിച്ചിടത്തോളം ജീവിതം മുഴുവനും ക്രിസ്തുവിനെ പോലെയാകാനുള്ള ഒരു അശ്രാന്തപരിശ്രമമായിരുന്നു. തത്ഫലമായി ചുറ്റുമുള്ളവരുടെ വേദനകളെ സ്വന്തം വേദനയായി കാണുവാനും അതിന് പരിഹാരം കണ്ടെത്തുവാനും എല്ലാവർക്കും സംലഭ്യനാകുവാനും അദ്ദേഹത്തിന് സാധിച്ചു". ദിവ്യബലിയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചത് ഫാ. ഡിൽ കോനിക്കര അച്ചനാണ്. ചേലക്കര ഫൊറോന വികാരി ഫാ. തോമസ് വടക്കൂട്ട്, സഹ വികാരി ഫാ. ആൻസൻ നീലങ്കാവിൽ എന്നിവർ സഹകാർമ്മികരായി. ദിവ്യബലിയെ തുടർന്ന് ഊക്കനച്ചന്റെ കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥപ്രാർത്ഥന, ഊട്ടുവെഞ്ചിരിപ്പ് എന്നിവയുണ്ടായിരുന്നു. ചൊവ്വന്നൂർ പള്ളി വികാരി ഫാ. അനീഷ് നെല്ലിക്കൽ ഏവർക്കും നന്ദി അർപ്പിച്ചു. ദൈവദാസൻ അഗസ്റ്റിൻ ജോണച്ചന്റെ മാദ്ധ്യസ്ഥം യാചിച്ച് നമുക്ക് പ്രാർത്ഥിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



**1. അതിരൂപത സഹായ ഫണ്ട്**

1. ചികിത്സ – 46500    2. വിവാഹം – 62000

**2. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. മുണ്ടത്തിക്കോട് – 29000    2. പറക്കാട് – 100000

3. സെന്റ് ജൂഡ് മലങ്കര ചർച്ച് ചേറൂർ – 25000

**3. കാരുണ്യാ ട്രസ്റ്റ്**

1.. ഭവന നിർമ്മാണം – 3500    2. ചികിത്സ – 75000

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. പെരിങ്ങോട്ടുക്കര – 5000

**ഏവർക്കും പുതുവത്സര ആശംസകൾ !**

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

ഫാ. സെബി പുത്തൂർ 01
ഫാ. ഫ്രാൻസിസ് മഞ്ഞളി 01
ഫാ. ഡേവിസ് ചക്കാലക്കൽ 07
ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (സീനിയർ) 07
ഫാ. ജോർജ്ജ് നിരപ്പുകാലയിൽ 09
ഫാ. ടെഡ്സ് കുന്നപ്പിള്ളി 09
ഫാ. തോമസ് ചൂണ്ടൽ 09
ഫാ. ജാക്സൻ കൂനംപ്ലാക്കൽ 09
ഫാ. ടെൻസ് കുന്നപ്പിള്ളി 09
ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ 10
ഫാ. ജിന്റോ ചിറ്റിലപ്പിള്ളി 11
ഫാ. ദിജോ ഒലക്കേങ്കിൽ 12
ഫാ. ജോളി ചിറമ്മൽ 13
ഫാ. ജിയോ തെക്കിനിയത്ത് 13
ഫാ. ജിഫി മേക്കാട്ടുകുളം 13
ഫാ. ലിന്റോ തട്ടിൽ 15
ഫാ. റിജോ വിതയത്തിൽ 16
ഫാ. പോൾ താണിക്കൽ 16
ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ 18
ഫാ. ബാബു അപ്പാടൻ 19
ഫാ. ജോയ്സൻ കോരെത് 19
ഫാ. സെബി ചിറ്റിലപ്പിള്ളി 20
ഫാ. ലിൻസൻ തട്ടിൽ 20
ഫാ. ജോയ് മുരിങ്ങാത്തേരി 20
ഫാ. ജീൻ ചിറയത്ത് 20
ഫാ. ആന്റണി തെക്കിനിയത്ത് 21
ഫാ ആന്റണി കൊള്ളന്നൂർ 21
ഫാ. പോൾ കാപ്പാനി 22
ഫാ. ജിസോ കുറ്റിക്കാട്ട് 25
ഫാ. സെബി കാഞ്ഞിരത്തിങ്കൽ 26
ഫാ. ഷാന്റോ തലക്കോട്ടൂർ 27
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 30

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി (സീനിയർ) | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. ഷെൽട്ടൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് ചിറമ്മൽ (ജൂനിയർ) | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഔസേപ്പ് മേച്ചേരി | 06.01.1916 |
| ഫാ. ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 |
| ഫാ. പൊറിഞ്ചു തേറാട്ടിൽ | 31.01.1941 |
| ഫാ. ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 |
| ഫാ. ജോസഫ് മണവാളൻ | 18.01.1950 |
| ഫാ. ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 |
| ഫാ. ജേക്കബ് പോട്ടോക്കാരൻ | 02.01.1968 |
| ഫാ. മാത്യു പാലയൂർ | 10.01.1972 |
| ഫാ. സിറിയക് മേനാച്ചേരി | 04.01.1975 |
| ഫാ. പീറ്റർ കുണ്ടുകുളം | 23.01.1976 |
| ഫാ. പോൾ ആളൂർ | 21.01.1982 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 |
| ഫാ. ജേക്കബ് മഞ്ഞളി | 30.01.1984 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| ഫാ. മാത്യു കിടങ്ങൻ | 04.01.1989 |
| ഫാ. ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ഫാ. ആന്റണി തരകൻ | 07.01.1992 |
| ഫാ. സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| ഫാ. പോൾ ആലപ്പാട്ട് | 08.01.2005 |
| ഫാ. ലാസർ പൊറത്തൂർ | 08.01.2006 |
| ഫാ. ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| ഫാ. ആന്റണി ചാലക്കൽ | 06.01.2009 |
| ഫാ. ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. തോമസ് തലച്ചിറ | 11.01.2014 |
| ഫാ. നിക്കോളാസ് അന്തിക്കാട്ട് | 17.01.2016 |



## ■ സന്യസ്തർ

**സി.എം.സി.**

വരന്തരപ്പിള്ളി സെന്റ് പയസ് ടെൻത് യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ് സി. ലിസ്‌ലെറ്റ്, തന്റെ ഒരു കിഡ്നി കാരമുക്ക് ഇടവകയിലെ സിജോ എന്ന സഹോദരനു നല്കികൊണ്ട് ഈശോയുടെ ജീവിക്കുന്ന സാക്ഷിയായി തീർന്നു. വി. ചാവറയച്ചൻ, വി. എവുപ്രാസ്യമ്മ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 4–ാം വാർഷികത്തോടനുബന്ധിച്ച് 23ന് ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിൽ പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുത്തു.

**എഫ്.സി.സി**

സകലവിശുദ്ധരുടെയും തിരുന്നാൾ ദിനത്തിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് മുണ്ടൂർ സെന്റ് ഫ്രാൻസീസ് കോൺവെന്റിലെ പുതുക്കിപ്പണിത ചാപ്പലിന്റെ വെഞ്ചെരിപ്പ് കർമ്മം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. 23നു നടന്ന പ്രൊവിൻഷ്യൽ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുത്ത ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ അസ്സീസി പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി, അസ്സിസ്റ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജ്യോതി ഫ്രാൻസിസ്, കൗൺസിലേഴ്സ് സി. ഫിലോ രശ്മി, സി. ഫോൺസി മരിയ, സി. ലിനറ്റ് നീലങ്കാവിൽ, ഫൈനാൻസ് ഓഫീസർ സി. ഗ്രാസിയ, സെക്രട്ടറി സി. മരിയ ജെയ്ൻ എന്നിവർ ചാർജ്ജെടുത്തു.

**സി.എച്ച്.എഫ്.**

3–ാം തിയതി എറണാകുളം പി.ഒ.സി. യിൽ *സന്ന്യാസ സഭാസമൂഹങ്ങളും മാധ്യമ സാക്ഷരതയും* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മീറ്റിങ്ങിൽ ജനറൽ കൗൺസിലർ സി. ആനി കുര്യാക്കോസും

നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലർ സി.ജെസ്സിൻ തെരേസും പങ്കെടുത്തു. നവജ്യോതി പ്രൊവിൻസിലെ അഞ്ച് സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ഒളരിക്കര ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ അർപ്പിച്ച വിശുദ്ധ ബലിയോടെ സമുചിതമായി ആഘോഷിച്ചു. 23ന് നവജ്യോതി കോർപ്പറേറ്റ് ഏജൻസിയുടെ നേതൃത്വത്തിൽ നവജ്യോതി ബി. എഡ്. കോളേജിൽ വച്ച് സ്ക്കൂൾ ടീച്ചേഴ്സിന് വേണ്ടി നടത്തിയ ജനറൽ ക്വിസ് മത്സരത്തിൽ 19 സ്ക്കൂളിൽ നിന്നായി 38 ടീച്ചേഴ്സ് പങ്കെടുത്തു.

**സി.എസ്.എം.**

ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 3-ാംതിയതി ജൂനിയർ സിസ്റ്റേഴ്സിനായി സംഘടിപ്പിച്ച Renewal Programme-ൽ ഫാ. നൈസൻ ഏലന്താനത്ത്, അഡ്വ. ചാർളി പോൾ, പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ബിയാട്രീസ് എന്നിവർ ക്ലാസ്സ് നയിച്ചു. ദിവ്യബലി മദ്ധ്യേ ജൂനിയേഴ്സ് വ്രതനവീകരണം നടത്തി. 15/11/2018 സ്ഥാപകപിതാവ് ബഹു. ഫാ. ജോൺ കിഴക്കൂടന്റെ അനുസ്മരണാദിനത്തോടനുബന്ധിച്ച് പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് ഫാ. റോയ് മൂക്കന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച റാസാ കുർബാനയിൽ സിസ്റ്റേഴ്സ് പങ്കെടുക്കുകയും, കോൺഗ്രിഗേഷന്റെ നവീകരിച്ച നിയമാവലി – അനുഷ്ഠാനവിധികളുടേയും സ്ഥാപകപിതാവിനെ കുറിച്ച് സിസ്റ്റേഴ്സ് എഴുതി തയ്യാറാക്കിയ *ഫാ. ജോൺ കിഴക്കൂടൻ – ജീവിതവും ദർശനവും* എന്ന പുസ്തകത്തിന്റെയും പ്രകാശനം സുപ്പീരിയർ ജനറൽ മദർ സെബി റോസ്, ഫാ. തോമസ് എടയാൽ MCBS ന് നൽകി നിർവഹിച്ചു.

**സി.എസ്.സി.**

സന്യാസിനീസമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും, പതിനാല് സഹോദരിമാരുടെ രജതജൂബിലിയും സംയുക്തമായി തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയോട് ചേർന്ന് കോലഴി മരിയഭവൻ ജനറലേറ്റിൽ വച്ച് നവംബർ 20-ന് ആഘോഷിച്ചു. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 6-ാം തിയ്യതി സോഷ്യൽ ബോർഡ് മീറ്റിംഗും ശ്രീ. അനിൽ പരപ്പനങ്ങാടി മോട്ടിവേഷൻ ക്ലാസ്സും നടത്തി. 10-ാം തിയ്യതി പ്രൊവിൻസ് ഡേയോടനുബന്ധിച്ച് നടത്തിയ 13 മണിക്കൂർ ആരാധനയിൽ വിവിധ മഠങ്ങളിൽ നിന്നും പ്രൊവിൻസുകളിൽ നിന്നുമുള്ള സഹോദിരിമാർ പങ്കുകൊണ്ടു.

**സി.എസ്.എസ്.**

മണ്ണുത്തി ഹോളിസ്പിരിറ്റ് ജനറലേറ്റിൽ വെച്ച് 6,7 തിയതികളിൽ ഇന്റർപ്രൊവിൻസ് അസംബ്ളി നടത്തി. സുപ്പീരിയർ ജനറൽ സി. ആനി തോമാസിയ 11 മുതൽ 30 വരെ വടക്കെ ഇന്ത്യയിലെ മിഷൻ ഭവനങ്ങളിൽ സന്ദർശനം നടത്തി. 24, 25 തിയതികളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ മീറ്റിങ്ങിൽ 32 സുപ്പീരിയേഴ്സ് പങ്കെടുത്തു. ഫാ. ജെയിൻ താണിക്കൽ സി.എം.ഐ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## ആദരാഞ്ജലികൾ



24/11/18 സി.എം.സി. ചൂണ്ടൽ സാൻതോം ഭവനാംഗമായ സി. ഗോഡ്ലീവ നിര്യാതയായി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



26/11/18 സി.എം.സി. ചേറൂർ സെന്റ് സേവ്യഴ്സ് ഭവനാംഗമായ സി. അർത്തേമിയ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും, കോലഴി പരി. ത്രിത്വത്തിന്റെ മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



06/11/2018 സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസ്സസ് ഭവനാംഗമായ സി. മേരിലിൻ (82) നിര്യാതയായി. സംസ്കാരകർമ്മം 07.11.2018 ന് അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ ഒളരി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

**1. നവവൈദികർക്കു സ്വീകരണവും ദനഹാതിരുനാളും**

പാലയൂർ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ അതിരൂപതയിലെ നവവൈദികർക്ക് സ്വീകരണവും ദനഹാതിരുന്നാൾ ആഘോഷവും ജനുവരി 5ന് ഉച്ചകഴിഞ്ഞ് നടത്തുന്നതാണ്.

**2. മുപ്പെട്ടു ഞായർ തിരുന്നാളും ദണ്ഡവിമോചനവും**

ജനുവരി 12–ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷയോടു കൂടി മുപ്പെട്ടു ഞായർ തിരുന്നാൾ ആരംഭിക്കുന്നു. തുടർന്ന് 13–ാം തിയതി രാത്രി വരെ വിശ്വാസ കവാടത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുന്നതാണ്. 13 ന് രാവിലെ 6.30 നും 10.30 നും, വൈകീട്ട് 3.30 നും 5.30 നും വി.കുർബാനയും തിരുശേഷിപ്പ് വണക്കവും ഉണ്ടായിരിക്കുന്നതാണ്.

**3. മാർത്തോമ്മാ ചൊവ്വാഴ്ചയാചരണം**

2019 ജനുവരി 1,8,15,22,29 തിയതികളിൽ മാർത്തോമ്മാ ചൊവ്വാഴ്ച്ചയാചരണം രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ.

**4. വിശുദ്ധബലി അർപ്പണം**

തീർത്ഥാടകരോടു കൂടി വൈദികർക്ക് ദിവ്യബലിയർപ്പിക്കുവാൻ (മൂന്നു റീത്തിലും) സാധിക്കുന്നതാണ്. മുൻകൂട്ടി അറിയിക്കാവുന്നതാണ്. (0487–2556928, 0487–2556418)



**5. ബൈബിൾ മാസാചരണവും പഠനകോഴ്സും**

ഡിസംബർ ഒന്നിന് അതിരൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ ലിജോ ചിരിയങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഡിസംബർ 31ന് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**6. പാലയൂർ ബൈബിൾ കൺവെൻഷൻ**

2019 മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ നടക്കാനിരിക്കുന്ന പാലയൂർ ബൈബിൾ കൺവെൻഷൻ 2019 ന്റെ ഒന്നാം ഒരുക്കധ്യാനം ഡിസംബർ 8 ന് നടന്നു. രണ്ടാം ഒരുക്ക ധ്യാനം ഫെബ്രുവരി 9ന് നടക്കുന്നതാണ്. ഫാ. അലോഷ്യസ് കുളങ്ങര (ഹോളി സ്പിരിറ്റ് മിനിസ്ട്രി) യാണ് കൺവെൻഷന് നേതൃത്വം നൽകുന്നത്.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുട്ടികളേ,

ക്രിസ്തുമസ് അവധികഴിഞ്ഞ് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പുതിയൊരു വത്സരത്തിലേക്ക് നാം കടന്നിരിക്കുന്നു. ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് വർഷത്തിന്റെ ആരംഭത്തിൽ നല്ല പ്രതിജ്ഞകളോടെ വ്യക്തമായ ലക്ഷ്യം മുന്നിൽ കണ്ട് ഈ വർഷം ആരംഭിക്കാൻ നമുക്ക് ശ്രമിക്കാം. “പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്ന” (ലൂക്കാ 2:52) ഈശോയാണ് കുട്ടികളായ നിങ്ങൾക്കും മാതൃക. ഈശോയ്ക്കുണ്ടായിരുന്ന ഈ ജ്ഞാനത്തിലൂടെയും ദൈവത്തിന്റെ സഹായത്തോടെയും മനുഷ്യരോടു അഗാധമായ സ്നേഹത്തിലൂടെയും ഈശോ തന്റെ ജീവിത ലക്ഷ്യങ്ങൾ ഏതല്ലാമാണ് എന്ന് തിരിച്ചറിഞ്ഞ് അതിന് വേണ്ടി ആരംഭം മുതലേ ഒരുങ്ങി. നമ്മളും നമ്മുടെ ജീവിത

ത്തിന്റെ ലക്ഷ്യവും അത് നേടിയെടുക്കാനുള്ള വഴികളും കണ്ടെത്താൻ ശ്രമിക്കണം. ആരംഭം മുതലേ അതിന് വേണ്ടി ഒരുങ്ങണം. അതുകൊണ്ട് ഒരു വാർഷിക പദ്ധതിയും വ്യക്തിപരമായ ഒരു ടൈംടേബിളും തയ്യാറാക്കാൻ നിങ്ങളുടെ മാതാപിതാക്കളിൽ നിന്നും ഗുരുക്കന്മാരിൽ നിന്നും വിദഗ്ധോപദേശം നേടുന്നത് നല്ലതാണ്. പുതിയ വർഷം ദൈവാനുഗ്രഹപ്രദമാകാൻ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

ജീവിതത്തിൽ വിജയിക്കണമെന്ന കാര്യം എല്ലാവരുടെയും ഒരു സ്വപ്നമാണ്. ജീവിതവിജയത്തിന് മൂന്ന് രഹസ്യങ്ങൾ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താം.

1. ആത്മബോധം (Vision, Self-consciousness), ഞാൻ എന്താണ്, ആരാണ് എന്ന് കണ്ട് പിടിക്കണം. എന്റെ കഴിവുകളും കുറവുകളും കണ്ടുപിടിക്കണം. ദൈവവും മാതാപിതാക്കളും കൂട്ടുകാരും എന്നെ സ്നേഹിക്കുന്നുണ്ട് എന്ന ബോധത്തോടെ സ്വയം സ്നേഹിക്കാനും നമുക്കാവണം. ഈശോ പറഞ്ഞതു പോലെ, "നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" (മർക്കോ. 12:31). നീ നിന്നെ സ്നേഹിക്കുന്നതുപ്പോലെ, എന്നാണ് ഈശോ പറഞ്ഞത്. അപ്പോൾ നമുക്ക് മറ്റുള്ളവരെയും സ്നേഹിക്കാൻ കഴിയും, നമ്മുടെ കുറവുകൾ കണ്ടെത്തി സ്വയം തിരുത്താനും സാധിക്കും.
2. ലക്ഷ്യബോധം (Mission, Goal-consciousness), ഞാൻ എന്തിന് വേണ്ടിയാണ് ജീവിക്കുന്നത് എന്ന ബോധവും എനിക്കുണ്ടാവണം. സ്വർഗ്ഗം ലഭിക്കുന്നതിനും അതുവഴി എന്നും സ്നേഹവും ആനന്ദവും മാത്രമായ ദൈവത്തോടു കൂടെയായിരിക്കാനും വേണ്ടിയാണ് നാം ജീവിക്കുന്നത്. എന്നാൽ മരണശേഷം നമുക്ക് ലഭിക്കുന്ന സ്വർഗ്ഗം സ്വന്തമാക്കാൻ ജീവിച്ചിരിക്കുമ്പോൾ ഈ ഭൂമിയിൽ നല്ലവരായി ജീവിക്കേണ്ടതുണ്ട്. ഈ ഭൂമിയിൽ നല്ലവനായി ജീവിക്കാനും ഈ ഭൂമിയെ സ്വർഗ്ഗമാക്കി മാറ്റാനും ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ഏതെല്ലാമാണെന്ന് കണ്ടു പിടിക്കണം. തീർച്ചയായും കുട്ടികളായ നമ്മൾ ആദ്യം നന്നായി പഠിക്കണം, മാതാപിതാക്കൾക്കും മനുഷ്യർക്കും പ്രിയപ്പെട്ട, നല്ല സ്വഭാവമുള്ളവരായി വളരണം (ലൂക്കാ 2:52), അതിന് വേണ്ടി പ്രാർത്ഥിക്കണം. ചിലർക്ക് ഒരു കൃഷിക്കാരനായി, ഒരു ഡോക്ടറായി, എൻജിനിയറായി, സാമൂഹ്യപ്രവർത്തകനായി, വൈദികരായി തീർന്ന് നന്മചെയ്യണം എന്നായിരിക്കും ആഗ്രഹം. ഇന്നു മുതലേ അതിനുവേണ്ടി പ്രവർത്തനമാരംഭിക്കണം. നാളേക്ക് മാറ്റിവക്കരുത്.
3. പ്രതിബദ്ധത (Commitment). സ്വയമറിഞ്ഞ് (ആത്മബോധം), ആരായിതീരണം എന്ത് ചെയ്യണം എന്നും തിരച്ചറിഞ്ഞു (ലക്ഷ്യബോധം)

കഴിഞ്ഞാൽ പിന്നെ വേണ്ടത് ആ ലക്ഷ്യം എത്തിചേരുന്നതുവരെ സ്ഥിരതയോടെയും ഉത്സാഹത്തോടെയും ലവലേശം മടികൂടാതെ പരിശ്രമിക്കുക എന്നതാണ് (ലൂക്ക. 2:49), അതാണ് വിജയത്തിലേക്കുള്ള അവസാനത്തെതും ക്ലേശകരവുമായ പടി. അതുകൊണ്ട് എന്നും ദൈവത്തോട് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിന്റെ സഹായം തേടണം. 12-ാം വയസ്സിൽതന്നെ താൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകണം എന്ന് ക്രിസ്തു പറഞ്ഞത് (ലൂക്കാ 2:49) ഈ പ്രതിബദ്ധത ഉണ്ടായിരുന്നത് കൊണ്ടാണ്.

വർഷാരംഭത്തിൽ നമ്മുടെ ജീവിതത്തെ കുറിച്ചുള്ള വ്യക്തമായ ദർശനങ്ങൾ ഉണ്ടാക്കാൻ നാം ശ്രമിക്കണം. ഈ കാര്യങ്ങളിൽ നിങ്ങളുടെ പ്രായത്തിലുള്ള ഈശോ നൽകുന്ന മാതൃക ശ്രദ്ധിക്കൂ,

1. അവൻ പതിവുപോലെ ദൈവാലയത്തിൽ പോയിരുന്നു (ലൂക്കാ 2:22, 41-42)
2. മാതാപിതാക്കൾക്കും (ഗുരുഭൂതർക്കും) അനുസരണമുള്ളവനായിരുന്നു (ലൂക്കാ 2:51)
3. പ്രായത്തിൽ വളരുന്നതോടൊപ്പം ജ്ഞാനത്തിലും (പഠിപ്പിലും) വളർന്നു (ലൂക്കാ 2:52)
4. അവൻ ദൈവവചനം ശ്രവിക്കുന്നതിലും ഗ്രഹിക്കുന്നതിലും മറ്റുള്ളവരെ അറിയിക്കുന്നതിലും വ്യാപൃതനായിരുന്നു (ലൂക്കാ 2:46)

യേശുവിനെപ്പോലെ പുതുവത്സരത്തിന്റെ ആദ്യദിവസങ്ങളിൽത്തന്നെ നിങ്ങൾ 2019-ൽ നേടേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും ഓരോ ദിവസവും ഉണ്ടാകേണ്ട ജീവിതരീതിയെ കുറിച്ചും നല്ല തീരുമാനങ്ങൾ എടുക്കണം, യേശുവിനെ പോലെ പ്രാർത്ഥനയിലും വചനത്തിനനുസരിച്ചുള്ള ജീവിതത്തിലും ശ്രദ്ധയുള്ളവരും ആഗ്രഹമുള്ളവരുമാകണം. ഈശോയുടെ മാതൃക അനുഗമിക്കാൻ ഏതാനും ചില മാർഗ്ഗനിർദ്ദേശങ്ങൾ തരുന്നു.

1. നിങ്ങൾക്ക് എല്ലാ ദിവസത്തേക്കും ആവശ്യമായ Time Table എഴുതി വയ്ക്കണം. ക്ലാസ്സുള്ള ദിവസങ്ങൾ, ഒഴിവു ദിവസങ്ങൾ, ഞായറാഴ്ചകൾ എന്നിവക്ക് പ്രത്യേക Time Table ഉണ്ടാകണം.
2. എല്ലാ ദിവസവും ബൈബിളിൽ നിന്ന് ഒരു ഖണ്ഡിക വായിക്കണം.
3. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സാധിക്കുന്ന മറ്റ് ദിവസങ്ങളിലും പ്രത്യേകിച്ച് അവധി ദിവസങ്ങളിലും പരി. കുർബാനയിൽ പങ്കെടുക്കണം.
4. മാതാപിതാക്കളെയും ഗുരുഭൂതരെയും അനുസരിക്കുകയും സാധിക്കുന്ന വിധത്തിൽ വീട്ടുജോലികളിൽ സഹായിക്കുകയും വേണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലും അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവ സംരക്ഷിക്കുന്നതിലും ഉത്തരവാദിത്വം

കാണിക്കണം.

5. വ്യായാമം, വിനോദം എന്നിവയ്ക്ക് സമയനിഷ്ഠ പാലിക്കണം.

പുതുവർഷാരംഭത്തിൽ നിങ്ങൾ എടുക്കുന്ന പ്രതിജ്ഞകൾ പാലിക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.

ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു!
നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ചോദ്യങ്ങൾ:

1. സ്വാതന്ത്ര്യത്തിന്റെ അർത്ഥമെന്ത്?
2. മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
3. സ്വാതന്ത്ര്യം, സത്യം, ദൈവവചനം എന്നിവയെകുറിച്ച് വി. ഗ്രന്ഥത്തിൽ നിന്ന് അഞ്ചു വാക്യങ്ങൾ വീതം കണ്ടുപിടിക്കുക.
4. ഇന്ന് കേരളസഭ നേരിടുന്ന വെല്ലുവിളികൾ ഏവ? അവയെ എങ്ങനെ നേരിടാം?

# മതബോധന വാർത്തകൾ

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2019) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, പുതുചൈതന്യ ത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

## 1. സർവ്വീസ് അവാർഡ് ദിനം – 2019 ജനുവരി 26 ശനിയാഴ്ച്ച

സർവ്വീസ് അവാർഡിന് അർഹരായ അധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. അവരെയും കുടുംബാംഗങ്ങളെയും പ്രത്യേകം പറഞ്ഞുവിടുമല്ലോ.

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് നൽകുന്നതായിരിക്കും.

1. Archdiocesan Level Aptitude Examination
2. SMCC Std. XII പ്രതിഭാസംഗമത്തിനുവേണ്ടി അതിരൂപതയിൽ

നിന്നും തിരഞ്ഞെടുക്കപ്പെട്ട ആറ് വിദ്യാർത്ഥികൾ

3. 2018–2019 അധ്യയനവർഷത്തിലെ ഫൊറോന തല മോഡൽ യൂണിറ്റുകൾക്കും അതിരൂപതാതല ബെസ്റ്റ് മോഡൽ യൂണിറ്റിനുമുള്ള റോളിംഗ് ട്രോഫികൾ.

**2. ഹെഡ്മാസ്റ്റർമാർ, സെക്രട്ടറിമാർ, സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാർ എന്നിവരുടെ സംയുക്ത യോഗം**

| | | |
|---|---|---|
| തിയതി | : | 2019 ഫെബ്രുവരി 3 |
| ദിവസം | : | ഞായർ |
| സമയം | : | 02.30 PM |
| സ്ഥലം | : | മതബോധനകേന്ദ്രം |

എല്ലാ ഹെഡ്മാസ്റ്റർമാരെയും സെക്രട്ടറിമാരെയും കാറ്റക്കിസം സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാരെയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**3. ഞായർ മതബോധന വാർഷിക പരീക്ഷകൾ:**

2019 ഫെബ്രുവരി 10, 2PM-4PM : **Std. X, XI & XII**
2019 ഫെബ്രുവരി 17, 2PM-4PM : **Stds. I, III, V, VII, IX, & CC** (3 hours, 2PM-5PM)
2019 ഫെബ്രുവരി 24, 2PM-4PM : **Stds. II, IV, VI & VIII**

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**4. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2019**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Centralised Evaluation** : Time: 9.30 AM - 4.30 PM
Std. XII : 2019 മാർച്ച് 2, 3 ശനി, ഞായർ
ACC : 2019 മാർച്ച് 2, 3, 9, 10 (ശനി, ഞായർ ദിവസങ്ങൾ)
**Chief Examiners'Meeting**: 24th February, Sunday 10.30 AM

**5. സ്കൂൾ കാറ്റക്കിസം & സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷകൾ :**

(സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII)
തിയതി : **2019 ജനുവരി 11 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ) : Stds. I, III, V, VII, IX, XI
ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ) : Stds. II, IV, VI, VIII, X, XII

**NB.**

1. ചോദ്യപേപ്പറുകൾ ജനുവരി 7 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ സ്ക്കൂളാധികാരികൾ മതബോധന കേന്ദ്രത്തിൽനിന്നും വാങ്ങേണ്ടതാണ്.
2. മോറൽ സയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതീയതി നിശ്ചയിക്കുന്നതും കെ.സി.ബി.സി.യുടെ വിദ്യാഭ്യാസ കമ്മീഷനാണ്. അതുകൊണ്ട് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തീയതിയിലും നിശ്ചിത സമയത്തും തന്നെ എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ടതാണ്.
3. മോറൽ സയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് Second Termലെ പാഠ്യഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

## 6. സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ

**തിയതി : 2019 ഫെബ്രുവരി 09 ശനി.**

IV, VII, X, XII ക്ലാസുകളിലെ മോറൽ സയൻസ് കുട്ടികൾക്കായി കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷനാണ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. ഇത് സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയാണ്.

മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരുവിവരം നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി 2019 ജനുവരി 20–നു മുമ്പ് അതിരൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ മതബോധനകേന്ദ്രം നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ചു നടത്തുന്നതാണ്.

സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 3,000/–, 2000/–, 1,500/– രൂപ വീതവും X, XII ക്ലാസുകളിൽ 1, 2, 3 സമ്മാനങ്ങൾ കൂടാതെ 90% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് 1,000/– രൂപയും സർട്ടിഫിക്കറ്റും കെ. സി. ബി. സി.യുടെ

വിദ്യാഭ്യാസ കമ്മീഷൻ പ്രോത്സാഹനസമ്മാനമായി നൽകുന്ന താണ്.

1) സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻ വർഷത്തേതു പോലെ ഒറ്റ വാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായി രിക്കും.
2) IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും.
3) 5 മാർക്കിനുള്ള പൊതുചോദ്യങ്ങളുണ്ടായിരിക്കും
4) മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ "ജനറൽ" എന്ന് പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.
5). കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷാഫലം അടിസ്ഥാനമാക്കിയാണ് അതിരൂപതാടിസ്ഥാന ത്തിൽ സ്കോളർഷിപ്പ് സമ്മാനങ്ങൾ നൽകുന്നത്.

## 7. സ്കൂൾ കാറ്റക്കിസം സ്കോളർഷിപ്പ് പരീക്ഷ

**തിയതി : 2019 ഫെബ്രുവരി 09 ശനി**

1) സ്കൂൾ കാറ്റക്കിസം 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാമതബോധ നകേന്ദ്രമാണ് സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നത്.
2) മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ ഓരോ സ്കൂളിൽ നിന്നും (എത്ര ഡിവി ഷൻ ഉണ്ടായാലും) 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർ, അവർക്ക് 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ഉണ്ടെങ്കിൽ മാത്രം, ആണ് സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരാവുന്നത്. ഇവ രുടെ ലിസ്റ്റ് 2019 ജനുവരി 20 നു മുമ്പ് അതിരൂപതാ മതബോധനകേ ന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ് (Scheme of Work കാണുക)
3) അതിരൂപതാ മതബോധനകേന്ദ്രത്തിൽനിന്ന് നല്കുന്ന ചോദ്യപേപ്പ റുകൾ ഉപയോഗിച്ച് നിശ്ചിതസമയത്തുതന്നെ സ്കൂളുകളിൽ നട ത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

## 8. School Catechism & Moral Science

**Scholarship Examination Centres**

| | | |
|---|---|---|
| 1. Eravu | - | St. Joseph's Eng. HSS |
| 2. Mammiyur | - | Little Flower CGHSS |
| 3. Ollur | - | St. Mary's CGHS |
| 4. Palakkal | - | Aided LPS |
| 5. Thrissur | - | Mathanikethan, Dolours Basilica |

6. Thrissur East Fort - St. Clare's CGHSS
7. Wadakkanchery - St. Pius X CUPS

## 9. Std. XII & ACC Common Examinations – February 2019

1. ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാഹാളിൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്.
2 **XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷാരീതി: XII, ACC** വാർഷിക പരീക്ഷയ്ക്ക് യൂണിറ്റിൽനിന്ന് ഉത്തരക്കടലാസ്സുകൾ നല്കേണ്ടതില്ല. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** സംവിധാനമാണ്, പതിവുപോലെ, ഈ വർഷവും തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
3. പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution, Internal Assessment എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
4 പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും ചെല്ലേണ്ട യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.
5 ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research -ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
6 Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാ

ണ്. (തിയതികൾ മുകളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)

7 പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**10. Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ തിട്ടപ്പെടുത്തുന്നതിനുള്ള അവസാന തിയതി – ജനുവരി 26.**

**11. Std. XII Internal Assessment Mark സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യുന്നതിനുള്ള അവസാന തിയ്യതി – ഫെബ്രുവരി 4.**

സസ്നേഹം,

**Fr. Tens Kunnappilly**
Fr. Rijo Vithayathil Kozhukkullikaran
Fr. Royson Kollannur
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

**1. Award Day:**

B.A.തിയോളജി കോഴ്സും, കറസ്പോണ്ടൻസ് തിയോളജി കോഴ്സും, ആറു മാസത്തെ തിയോളജി കോഴ്സും പൂർത്തിയാക്കി ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കോഴ്സ് പൂർത്തിയാക്കിയവരുടെ Certificates 2019 ജനുവരി 26–ാം തിയ്യതി ഡി. ബി. സി. എൽ. സി.–യിൽ നടക്കുന്ന Award Day Programme -ൽ വിതരണം ചെയ്യുന്നതായിരിക്കും.

**2. B.A. in Theology and Religious Studies:**

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ കോഴ്സ് പൂർത്തിയാക്കി ഉന്നത വിജയം നേടിയ പറവട്ടാനി ഇടവകാംഗമായ ശ്രീ. സിജു ലുവി

സിന് Institute of Theology യുടെ പ്രത്യേക അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office –മായി ബന്ധപ്പെടുക.

3. **Correspondence Theology Course:**
   കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജനുവരി 13, 27 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.
4. **Basic Theology Course :**
   സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2019 ജനുവരി 7–ന് (തിങ്കൾ) ആരംഭിക്കുന്നതാണ്.അർത്ഥിനികളെ ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് സന്യാസാധികാരികൾ ശ്രദ്ധിക്കുമല്ലോ.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**1. മാസധ്യാനം**
നവംബർ 30, ഡിസംബർ 1 എന്നീ ദിവസങ്ങളിലായിരുന്നു ഇത്തവണയിലെ മാസധ്യാനം. ധ്യാനവിചിന്തനങ്ങൾ നൽകിയ ബഹു. ഫാ. സിന്റോ പൊന്തേക്കൻ സ്നേഹോത്സവത്തിന് ഒരുങ്ങേണ്ടതെങ്ങനെയെന്ന് തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഊന്നിപ്പറഞ്ഞു.

**2. സ്നേഹോത്സവം**
വൈദികവിദ്യാർത്ഥികളുടെ അജപാലനോന്മുഖ വളർച്ചക്ക് ഏറെ ഉപകരിക്കുന്ന ഇടവക നവീകരണ ശുശ്രൂഷയായ സ്നേഹോത്സവത്തിനായുള്ള ഏറ്റവും അടുത്ത ഒരുക്കം മേരിമാതാകുടുംബം 12–11–2018 മുതൽ തുടങ്ങി. ബഹു. കുര്യൻ പുരമഠത്തിലച്ചൻ സ്നേഹോത്സവത്തോടനുബന്ധിച്ചുള്ള ഭവനസന്ദർശനങ്ങൾക്കായുള്ള അജപാലന–മന:ശാസ്ത്ര രീതികൾ പരിചയപ്പെടുത്തി ക്ലാസ്സെടുത്തു. സെമിനാരിയിലെ വൈദികരും ബ്രദേഴ്സും 2 ഗ്രൂപ്പുകളായി തിരിഞ്ഞ് 2018 ഡിസംബർ 2

മുതൽ 7 ഉൾപ്പടെയുള്ള ദിവസങ്ങളിൽ ചിറ്റിശ്ശേരി, കുണ്ടന്നൂർ എന്നീ ഇടവകകളിൽ സ്നേഹോത്സവ ശുശ്രൂഷ വിജയകരമായി പൂർത്തിയാക്കി.

**3. ഫുട്ബോൾ മത്സരം**

സെമിനാരികൾ തമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിന് വർഷം തോറും നടത്തുന്ന മേജർസെമിനാരി ഫുട്ബോൾ മത്സരങ്ങൾ ഇത്തവണയും ഏറെ ഉത്സാഹത്തോടെ നടത്തി. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയുമായുള്ള മത്സരം 16–11–2018 നും കോട്ടയം വടവാതൂർ സെമിനാരിയുമായുള്ള മൽസരം 22–11–2018 നും നടത്തപ്പെട്ടു. ഇരുകളികളും ഗോൾരഹിത സമനിലയിൽ കലാശിച്ചപ്പോൾ 26–11–2018 ന് മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയുമായി നടത്തപ്പെട്ട മത്സരത്തിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് മേരിമാതാ വിജയിച്ചു.

**4. 'കൂട്ട്' – ഹ്രസ്വ ചലച്ചിത്രം**

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നടത്തിയ ഹ്രസ്വ ചലച്ചിത്ര മത്സരത്തിൽ മേരിമാതാ മേജർ സെമിനാരിക്കുവേണ്ടി ബ്രദർ ചാൾസ് ചിറമൽ സംവിധാനം ചെയ്ത 'കൂട്ട് – ദി മേഴ്സിഫുൾ കമ്പാനിയൻ' എന്ന ചിത്രം ജൂറിയുടെ പ്രത്യേകം പരാമർശം നേടി.

**5. ഇന്റർ സെമിനാരി പ്രസംഗ മൽസരം**

വടവാതൂർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട ഇന്റർ സെമിനാരി 'കെരിഗ്മാ' സുവിശേഷപ്രസംഗമൽസരത്തിൽ മേരിമാതാ സെമിനാരി കുടുംബത്തിൽ നിന്നും പങ്കെടുത്ത ബ്ര. ബിബിൻ കുന്നേൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**6. അമലോത്ഭവ മാതാവിന്റെ തിരുനാളും ശിലാസ്ഥാപന വാർഷികവും**

പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളും സെമിനാരിയുടെ അടിസ്ഥാന ശിലാസ്ഥാപനത്തിന്റെ 21–ാം വാർഷികവും 2018 ഡിസംബർ 8–ാം തിയ്യതി ആഘോഷിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വൈകീട്ട് നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം ഏവർക്കും ആത്മീയ ഉണർവ്വ് നൽകി.

**7. ഡീക്കന്മാരുടെ ധ്യാനം**

തിരുപ്പട്ട സ്വീകരണത്തിനൊരുക്കമായുള്ള ഡീക്കന്മാരുടെ ധ്യാനം ഡിസംബർ 8–ാം തിയ്യതി ആരംഭിച്ച് 14–ാം തിയ്യതി സമാപിച്ചു. ഇല്ലിത്തോടുള്ള MCBS സന്യാസ സഭയുടെ സന്നിധാന ആശ്രമത്തിലായിരുന്നു ധ്യാനം നടന്നത്.

**8. തിരുപ്പട്ട സ്വീകരണം**

മേരിമാതാ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 12 ഡീക്കന്മാർ വിവിധ രൂപതകൾക്കും സന്യാസ സമൂഹങ്ങൾക്കുമായി ഡിസംബർ, ജനുവരി, മെയ് മാസങ്ങളിലായി തിരുപ്പട്ടം സ്വീകരിക്കും.

**9. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. റവ. സി. പ്രൊവിൻഷ്യൽ, നിർമൽറാണി അഡോറേഷൻ പ്രോവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ.

2. ശ്രീ. ജോസ് സി., ചക്കുംപീടിക ഹൗസ്, ചിറ്റിശ്ശേരി.

**Wellwisher Membership**

1. ശ്രീ. ഫ്രാൻസിസ് സി. ഡി., ചീരമ്പൻ ഹൗസ്, മേപ്പാടം.

2. ശ്രീ. പി. വി. ജോസ്, പൂവത്തുക്കാരൻ ഹൗസ്, ചെങ്ങാലൂർ.

മനുഷ്യന്റെ ദാനധർമ്മത്തെ കർത്താവ് മുദ്രമോതിരത്തെയെന്ന പോലെ വിലമതിക്കുന്നു; അവന്റെ കാരുണ്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ അവിടുന്ന് കരുതുന്നു (പ്രഭാഷകൻ 17:22). മേരിമാതയുടെ ചുവടുവയ്പുകളിൽ കരുതലോടെ പങ്കുചേരുന്ന എല്ലാ ഉപകാരികളെയും ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# സെ. മേരീസ് മൈനർ സെമിനാരി

**1. ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

2018 നവംബർ 24ന് 8,9, എന്നീ ക്ലാസ്സുകളിലേയും ഡിസംബർ 1 ന് 10 –ാം ക്ലാസ്സിലേയും ആൺകുട്ടികൾക്ക് വേണ്ടിയുള്ള സെമിനാറുകൾ തൃശ്ശൂർ മൈനർ സെമിനാരിയിൽ വച്ച് നടന്നു. റവ. ഫാ. പോൾ മാളിയമ്മാവ്, റവ. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ എന്നിവർ സെമിനാറുകൾക്ക് നേതൃത്വം കൊടുത്തു.

**2. ആരാധന ദിനം**

നവംബർ 25–ാം തിയ്യതി ക്രിസ്തു രാജത്വത്തിരുന്നാൾ ദിനം സെമിനാരി കുടുംബം ആരാധനദിനമായി ആചരിച്ചു. ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാനമണിക്കൂറിൽ സെമിനാരിക്കാരുടെ മാതാപിതാക്കളും പങ്കെടുത്തിരുന്നു.

**3. അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുന്നാൾ**

നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് നവംബർ 29 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**4. മാസധ്യാനം**

ഡിസംബർ 7,8 തിയതികളിൽ റവ. ഫാ. മനോജ് കീഴൂർമുട്ടിക്കൽ, റവ. ഫാ. ജോമോൻ മുരിങ്ങാത്തേരി എന്നിവർ യഥാക്രമം മൈനർസെമിനാരി, ഡിഗ്രി വിദ്യാർത്ഥികൾ എന്നിവർക്കായി മാസധ്യാന ചിന്തകൾ നല്കി.

**5. പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ**

സെമിനാരി കുടുംബത്തിന്റെ മധ്യസ്ഥയായ പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസം രാവിലെ റവ. ഫാ. മനോജ് കീഴൂരുമുട്ടിക്കൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി. വൈകീട്ട് ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തി സെമിനാരികുടുംബം പരി. അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു.

**6. അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനാഘോഷം ദിവ്യബലിയർപ്പണങ്ങൾ**

ഡിസംബർ 13-ന് ജന്മദിനമാഘോഷിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനും വേണ്ടി സെമിനാരികുടുംബം പ്രത്യകമായി പ്രാർത്ഥിച്ചു. ഡസംബർ 11-ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവും ഡിസംബർ 13-ാം തിയ്യതി മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**7. ക്രിസ്തുമസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷം ഡിസം. 20-ാം തിയ്യതി നടന്നു. അന്നേദിവസം രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി. വൈകീട്ട് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവ് ആഘോഷപരിപാടികളിൽ പങ്കെടുത്ത് ക്രിസ്തുമസ് സന്ദേശം നല്കി.

**8. അവധിക്കാലം**

ഡിസംബർ 21 മുതൽ 2019 ജനുവരി 1 വരെയാണ് ക്രിസ്തുമസ് അവധി.

**9.ബേഴ്സ് സ്ഥാപിച്ചവർ**

1. Rev. Fr. Vicar & Parishioners, St. Mary's Church, Vendore.
2. ശ്രീമതി ജോയ്സി വിൻസെന്റ്, അഹമ്മദാബാദ്.
3. ശ്രീ. സി. എൽ. ജെയിംസ്, ചിറയത്ത് ഹൗസ്, അന്തിക്കാട്.

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **നാലാമത് പ്രൊഫ. ഡോ. ദത്തൻ മെമ്മോറിയൽ സി. എം. ഇ. നടന്നു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ നാലാമത് പ്രൊഫ. ഡോ. ദത്തൻ മെമ്മോറിയൽ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള എം.എസ്., ഡി.എൻ.ബി. സർജറി വിദ്യാർത്ഥികൾ ഈ സെമിനാറിൽ പങ്കെടുത്തു. എസൻഷ്യൽസ് ഇൻ സർജറി എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പരിപാടി ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. വിദഗ്ധർ നയിച്ച ക്ലാസിൽ ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡോക്ടർമാർ പങ്കെടുത്തു. ചെന്നൈയിൽ നിന്ന് പട്ട രാധാകൃഷ്ണൻ, ബാംഗ്ലൂരിൽ നിന്നു ഡോ. ശിവരാം, കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ ഡോ. ഇ. വി. ഗോപി, കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഡോ. ജോൺ എസ്. കുരിയൻ, ഡോ. സുനിൽ, തിരുവനന്തപുരം റീജിണൽ കാൻസർ സെന്ററിലെ ഡോ. മധു മുരളി, ഗോകുലം മെഡിക്കൽ കോളേജിലെ ഡോ. ദയാനന്ദ് ബാബു, അമല മെഡിക്കൽ കോളേജിലെ ഡോ. പി. കെ മോഹനൻ, ജൂബിലി മിഷനിലെ ഡോ. സുരേഷ്, ഡോ. അശോക് നൈനാൻ, ഡോ. വിക്രമൻ, ഡോ. ശ്രീകുമാർ പിള്ള എന്നിവർ ക്ലാസുകൾ നയിച്ചു.

2. **ലോക ആന്റിബയോട്ടിക് വാരം ആചരിച്ചു**

ലോക ആന്റിബയോട്ടിക്ക് വാരാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ (അണുബാധ നിയന്ത്രണ വിഭാഗം) വിഭാഗം ആന്റിബയോട്ടിക് ഉപയോഗത്തിന്റെ അവബോധത്തിനായി പോസ്റ്റർ മത്സരം നടത്തി. ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളും ആവേശത്തോടെ പങ്കെടുത്ത ഈ പരിപാടി ജൂബിലി ഡയറക്ടർ

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കേളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, അസി. ഡയറക്ടർമാരായ ഫാ. ടിജോ മുള്ളക്കര, ഫാ. ഷിജോ മാപ്രാണത്തുകാരൻ, ഡോ. അലക്സ്, ഡോ. ചിത്ര, വിവിധ വകുപ്പ് മേധാവികൾ എന്നിവർ സന്നിഹിതരായിരുന്നു.

3. **റേഡിയോളജി ദിനാചരണം**

123–ാമത് വേൾഡ് റേഡിയോളജി ഡേ ആന്റ് ഇന്റർനേഷണൽ ഡേ ഓഫ് റേഡിയോളജിയോടനുബന്ധിച്ച് അർദ്ധദിന തുടർ വിദ്യഭ്യാസ പദ്ധതി നടത്തി. ഹൃദയ ഛായാചിത്ര പഠനം ആയിരുന്നു ഈ വർഷത്തെ മുഖ്യ വിഷയമായി തിരഞ്ഞെടുത്തത്. ഡോ. വർഷ, ഡോ. ആനന്ദ്, ഡോ. അനീഷ്, ഡോ. ഗോവിന്ദനുണ്ണി, ഡോ. നീലകണ്ഠൻ, ഡോ. ബാലചന്ദ്രൻ നായർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആഘോഷത്തിന്റെ ഭാഗമായി നടന്ന പോസ്റ്റർ കോമ്പറ്റീഷനിൽ സമ്മാനർഹരായ DMIT വിദ്യാർത്ഥികൾക്ക് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സമ്മാനങ്ങൾ വിതരണം ചെയ്തു.

4. **ശിശുദിനം ആഘോഷിച്ചു**

ജൂബിലി മിഷൻ ആശുപത്രിയിൽ ശിശുപരിചരണ വിഭാഗവും പേഷ്യന്റ് റിലേഷൻ വിഭാഗവും സംയുക്തമായി ശിശുദിനാഘോഷം സംഘടിപ്പിച്ചു. ശിശുപരിചരണവിഭാഗത്തിൽ ചികിത്സയിൽ ഉണ്ടായിരുന്ന കുട്ടികളെ ഉൾപ്പെടുത്തി വിവിധയിനം മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

5. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- കാണിക്കമാത ചർച്ച്, പനമുക്ക്, തൃശ്ശൂർ

6. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ഫ്രാൻസിസ് വർഗ്ഗീസ്, അരിമ്പൂർ ചീരോത ഹൗസ്, പല്ലിശ്ശേരി പി. ഒ., തൃശ്ശൂർ (14 ഡയാലിസിസ്).
- സെന്റ് മേരീസ് ചർച്ച്, മഡോണ നഗർ, തൃശ്ശൂർ (171 ഡയാലിസിസ്).
- ശ്രീ. പി. യു. ഡേവിസ്, സെബാസ്റ്റ്യൻ പറപ്പുള്ളി ഉതുപ്പ്, തൃശ്ശൂർ (71 ഡയാലിസിസ്).
- ശ്രീ. സിബിൽ റോബിൻ, ചിറ്റിലപ്പിള്ളി ഹൗസ്, നിയർ തോപ്പ് സ്റ്റേഡിയം, തൃശ്ശൂർ (29 ഡയാലിസിസ്).

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **ഹോം ഡേ ആഘോഷിച്ചു**

സെന്റ് തോമസ് കോളേജിലെ ഹോം ഡേ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കോളേജിന്റെ രക്ഷാധികാരി കൂടിയായ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ ജന്മദിനമാണ് ഹോം ഡേ എന്ന പേരിൽ ആഘോഷിക്കുന്നത്. ഹോം ഡേയോടനുബന്ധിച്ച്, കോളേജ് മാനേജരും തൃശൂർ അതിരൂപത സഹായമെത്രാനുമായ മാർ ടോണി നീലങ്കാവിലിന്റെ പൗരോഹിത്യ രജത ജൂബിലിയും മുൻ വൈസ് പ്രിൻസിപ്പളായ ഫാ. ബൈജു ചാക്കേരിയുടെ പൗരോഹിത്യരജൂബിലിയും ആഘോഷിച്ചു. രാവിലെ 10.30ന് മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ വച്ചു നടന്ന പൊതുസമ്മേളനത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് പാട്രനും ജൂബിലിയേറിയന്മാർക്കും ആദരമർപ്പിച്ചു. വിവിധ തലങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച അദ്ധ്യാപകരെ പേട്രൻ ചടങ്ങിൽ ആദരിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കൂത്തൂർ, പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ഡോ. ജോർജ്ജ് അലക്സ്, ഓഫീസർ സൂപ്രണ്ട് സി.സി. ജോയി, കൺവീനറും വൈസ് പ്രിൻസിപ്പാളുമായ ഡോ. തോമസ് പോൾ എന്നിവർ പ്രസംഗിച്ചു. പേട്രൻ മാർ ആൻഡ്രൂസ് താഴത്ത്, ജൂബിലിയേറിയന്മാരായ മാർ ടോണി നീലങ്കാവിൽ, ഫാ. ബൈജു ചാക്കേരി എന്നിവർ മറുപടി പ്രസംഗം നടത്തി.

2. **സെന്റ് തോമസ് കോളേജിൽ ഐ.ഐ.എം. സെമിനാർ**

സെന്റ് തോമസ് കോളേജ് കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗങ്ങളും ഐ.ഐ.എം. കോഴിക്കോടിന്റെ ഇന്റേൺഷിപ്പ് പാർട്ണർ മെയ്ക്ക് ഇന്റേണും ചേർന്ന് നാഷണൽ ലെവൽ ബിസിനസ് പ്ലാൻ സെമിനാർ നടത്തി. സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. കോമേഴ്സ് വിഭാഗം മേധാവി ഡോ. തോമസ് പോൾ കാട്ടൂകാരൻ, വൈസ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, മാനേജ് മെന്റ് സ്റ്റഡീസ് മേധാവി പ്രൊഫ. എൻ. കെ. ആലീസ്, പ്രൊഫ. പി. സി. മെസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

3. **സ്റ്റാർട്ട് അപ് ആഭിമുഖ്യത്തിൽ സെമിനാർ**

സെന്റ് തോമസ് കോളേജിലെ സ്റ്റാർട്ട് അപ് സെല്ലിന്റെയും കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യ ത്തിൽ ഇന്റേണൽ പ്രോപർട്ടി റൈറ്റ്സ് എന്ന വിഷയത്തെ അധികരി ച്ച് സെമിനാർ നടന്നു. സംരഭകത്വത്തിൽ ശ്രദ്ധിക്കേണ്ട വിവിധ വിഷ യങ്ങൾ സംബന്ധിച്ച് അധികാര ചർച്ചകൾ നടന്നു. അസിസ്റ്റന്റ് ജില്ലാ ഇൻഡസ്ട്രീസ് ഓഫീസർ ശ്രീ. പ്രണബ് ജി. ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ച സെ മിനാറിൽ വൈസ് പ്രിൻസിപ്പാൾമാരായ ഡോ. തോമസ് പോൾ കാ ട്ടൂകാരൻ, റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. കെ.എൽ. ജോയി, എന്നിവർ ആശംസകൾ നേർന്നു.

4. **ഫിസിക്സ് ഡിപ്പാർട്ടുമെന്റ് നേതൃത്വത്തിൽ അനുസ്മരണ പ്രഭാ ഷണം**

ഫിസിക്സ് ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകനായിരുന്ന പ്രൊഫ. കെ. സീതാരാമന്റെ അനുസ്മരണാർത്ഥം അദ്ദേഹത്തിന്റെ വിദ്യാർത്ഥിയാ യിരുന്ന ഡോ. ടി.ആർ. വിശ്വനാഥൻ എന്റോവ്മെന്റ് ലെക്ചർ – 'പ്രൊഫ. സീതാരാമൻ അനുസ്മരണ പ്രഭാഷണം' കോളേജിൽ ന ടന്നു. പ്രിൻസിപ്പാൽ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ, കേരള സംസ്ഥാന ഓഡിയേഷൻ ആന്റ് സേഫ്റ്റി ഡയറക്ടർ ഡോ. കെ.എ. ഡേവിസ് ഉദ്ഘാടനം ചെയ്തു. മടപ്പള്ളി ഗ വൺമെന്റ് കോളേജിലെ ഫിസിക്സ് വിഭാഗം മുൻ മേധാവി പ്രഫ. കെ. സുരേഷ് കുമാർ, ഫൗണ്ടേഷൻസ് ഓഫ് ഇലക്ട്രോഡയനാമിക് സ് എന്ന വിഷയത്തെ അധികരിച്ച് ക്ലാസെടുത്തു. ജില്ലയിലെ വിവി ധ കലാലയങ്ങളിൽ നിന്നായി 130–ഓളം പേർ പങ്കെടുത്തു. അസോ സിയേറ്റ് ബർസാറും വൈസ് പ്രിൻസിപ്പാളുമായ റവ. ഡ. മാർട്ടിൻ കൊളമ്പ്രത്ത്, ഫൈൻ ആർട്സ് ഫെസറ്റിവൽ നേട്ടങ്ങൾ കൈവരിച്ച ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **ഫീൽഡ് ട്രിപ്പ് നടത്തി**
   മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാംവർഷ വിദ്യാർത്ഥികൾ, പ്രിൻസിപ്പാൾ റവ.ഫാ.ചാക്കോ ചിറമ്മലിനോടൊപ്പം 4-11-2018 ബുധനാഴ്ച മുള്ളൂർക്കരയിലെ മുടവറ ഡാമിലേയ്ക്ക് ഫീൽഡ് ട്രിപ്പ് നടത്തി.
2. **വർക്ക്ഷോപ്പ് നടത്തി**
   മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 22-11-2018 വ്യാഴം, 23-11-2018 വെള്ളി ദിവസങ്ങളിൽ ബി.എഡ് കരിക്കുലത്തിന്റെ ഭാഗമായുള്ള വർക്ക്ഷോപ്പ് നടന്നു. അധ്യാപനത്തിന് സഹായിക്കുന്ന ചാർട്ട്, മോഡൽസ്, വർക്കിംഗ് മോഡൽസ് തുടങ്ങി വിവിധ ഇനം പഠനോപകരണങ്ങളുടെ നിർമ്മാണത്തിൽ 1-ാം വർഷ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു.
3. **പഠനയാത്ര സംഘടിപ്പിച്ചു**
   മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2-ാം വർഷ വിദ്യാർത്ഥികളുടെ സഹവാസക്യാമ്പിന്റെ ഭാഗമായുള്ള പഠനയാത്ര 28-11-2018 ബുധനാഴ്ച പല്ലാവൂർ ക്ഷേത്രം, കവ, മലമ്പുഴ ഡാം എന്നീ സ്ഥലങ്ങളിലേക്ക് നടത്തി. അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കെടുത്ത യാത്ര വളരെ ഹൃദ്യമായി.
4. **പപ്പട്രി & മാസ്ക് നിർമാണം സംഘടിപ്പിച്ചു**
   'അധ്യാപനം അനുഭവവേദ്യമാക്കുക' എന്ന ലക്ഷ്യത്തോടുകൂടി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 5-12-2018 ബുധനാഴ്ച പപ്പട്രി & മാസ്ക് നിർമ്മാണം സംഘടിപ്പിച്ചു. മലപ്പുറം നായനാർ എൽ.പി സ്കൂളിലെ പ്രധാന അധ്യാപകനായ ശ്രീ.സുബിൻ സാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.
5. **ക്രിസ്തുമസ് ആഘോഷിച്ചു**
   മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2018ലെ ക്രിസ്തുമസ് ആഘോഷം 20-12-2018 വ്യാഴാഴ്ച വളരെ സമുചിതമായി നടന്നു. അതിരൂപതാ വികാരി ജനറാൾ

ഫാ.മോൺ.തോമസ് കാക്കശ്ശേരി മുഖ്യാതിഥി ആയിരുന്നു. ക്രിസ്തുമസ്സ് സുഹൃത്തിന് സമ്മാനം കൈമാറലും കരോൾ മത്സരവും ക്രിസ്തുമസ് ആഘോഷം ആകർഷണീയമാക്കി.

**6. ക്രിസ്തുമസ് അവധി നൽകി**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് 20–12–2018 വ്യാഴം മുതൽ 01–01–2019 ചൊവ്വ വരെയുള്ള ദിവസങ്ങളിൽ ക്രിസ്തുമസ് അവധി നൽകി.

**7. പരീക്ഷ ആരംഭിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 1–ാം വർഷ വിദ്യാർത്ഥികളുടെ 1–ാം സെമസ്റ്റർ പരീക്ഷ 01–01–2019 ചൊവ്വാഴ്ച ആരംഭിച്ചു.

**8. ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു**

03–12–2018 തിങ്കളാഴ്ച മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ വയോജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടന്നു. മുള്ളൂർക്കരയിലെ പ്രമുഖ സാമൂഹ്യ പ്രവർത്തകനായ ശ്രീ.സോദരൻ സാർ ക്ലാസ്സിന് നേതൃത്വം നൽകി.

**9. പരീക്ഷ സംഘടിപ്പിച്ചു**

എക്സൽ അക്കാദമിയുടെ ആഭിമുഖ്യത്തിൽ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് " Best student Teacher" പരീക്ഷ 12–12–2018 ബുധനാഴ്ച കോളേജിൽ സംഘടിപ്പിച്ചു.

**റവ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2019 ജനുവരി**

ജനുവരി 3 (വ്യാഴം) – വി. ചാവറ കുരിയാക്കോസ് ഏലിയാസ്
ജനുവരി 4 (വെള്ളി) – ദൈവമാതൃത്വതിരുനാൾ, ആദ്യവെള്ളി, വി. കുർബാന
ജനുവരി 6 (ഞായർ) – ദനഹാത്തിരുനാൾ

ജനുവരി 12 (ശനി) – ദേശീയ യുവജനദിനം
ജനുവരി 18 (വെള്ളി) – വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ
ജനുവരി 19 (ശനി) – വി. സെബസ്ത്യാനോസ്
ജനുവരി 26 (ശനി) – ഇന്ത്യൻ റിപ്പബ്ലിക് ദിനം
ജനുവരി 30 (ബുധൻ) – ലോകസമാധാനദിനം

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2019 ജനുവരി 31 (വ്യാഴം) ആണ്.

**3. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2018 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2019 ഫെബ്രുവരി 15 (വെള്ളി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**4. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ കഴിയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**5. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2019 ജനുവരി 31 (വ്യാഴം) ആണ്.

**6. റിട്ടയർമെന്റ് ലിസ്റ്റ്**

2018–2019 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണും വിധം എഴുതി 2019 ജനുവരി 18 (വെള്ളി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ **Nil** റിപ്പോർട്ട് നൽകുമല്ലോ.

# RETIREMENT LIST (2018-2019)

(SPECIMEN PROFORMA)

NAME OF SCHOOL:

| Sl. No. | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent school |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date:
Place:

Signature of the Principal/
Headmaster/Headmistress.

(Seal)

Note: Parent School Means:
(A) School from where Nomination is received or
(B) School at which the teacher worked as on 31-3-1971.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# സാന്ത്വനം

**1. "EARLY RECOVERY "**

കാരിത്താസ് ഇന്ത്യയും അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനവും ചേർന്ന് **EARLY RECOVERY** പ്രോജക്റ്റ് ആരംഭിച്ചു. പ്രളയം മൂലം കേടുപാടുകൾ സംഭവിച്ച ഭവനങ്ങൾ റിപ്പയർ ചെയ്യുക, ജീവിതമാർഗ്ഗം നഷ്ടപ്പെട്ടവരെ സഹായിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. 50 വീടുകൾക്ക് പുനരുദ്ധാരണത്തിനുവേണ്ടിയും 75 കുടുംബങ്ങൾക്ക് 2 ആടുകളെ വീതം നല്കുന്നതിനുവേണ്ടിയും ഈ പദ്ധതിയിൽ 40 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

**2. ഹാപ്പി ഹോംസ് പദ്ധതി**

തൃശ്ശൂർ ജില്ലയിൽ കാരിത്താസ് ഇറ്റാലിയാനയും ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസും തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനവും ചേർന്ന് ഹാപ്പി ഹോംസ് പ്രോജക്ട് ആരംഭിച്ചു. പ്രളയം മൂലം ഭവനം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമിച്ചു നൽകുന്ന ഈ പദ്ധതി 11 മാസം കൊണ്ട് പൂർത്തികരിക്കും. 65 ലക്ഷം രൂപയാണ് ഇതിനായി വിനിയോഗിക്കുക.

**3. ആശാകിരണം – ലാവൻഡർ ആർമി.**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായ ലാവൻഡർആർമിയുടെ ആനിമേറ്റേഴ്സ് മീറ്റിങ്ങ് സംഘടിപ്പിച്ചു. ലാവൻഡർആർമിയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ 2017 അധ്യയനവർഷത്തിൽ സംഘടിപ്പിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിയിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ വേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**4. MEDP - അവലോകനയോഗം സംഘടിപ്പിച്ചു.**

മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം–തൊഴിൽ പരിശീലനപരിപാടി കല്ലൂർ, പെരിഞ്ചേരി എന്നീ സ്ഥലങ്ങളിൽ നടത്തിയതിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. പരിശീലനത്തിനുശേഷം തുടങ്ങിയ യൂണിറ്റുകളുടെ പുരോഗതി യോഗം അവലോകനം ചെയ്യുകയും

ഭാവിപരിപാടികൾ ചർച്ച ചെയ്യുകയും ചെയ്തു.

5. **സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

മുക്കാട്ടുകര,സൗത്ത് വരാക്കര, ആലപ്പാട്, പറപ്പൂർ, പുത്തൻപീടിക യൂണിറ്റുകളിൽ സ്നേഹനിധി വാർഷിക പൊതുയോഗം നടന്നു. യോഗങ്ങളിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ വികാരിമാർ, അസി.വികാരിമാർ, കോർഡിനേറ്റർ, ആനിമേറ്റർ എന്നിവർ സന്നിഹിതരായിരുന്നു.

6. **മേഖലസംഗമവും തെരഞ്ഞെടുപ്പും.**

ലൂർദ്ദ്, പാലയൂർ, ഒല്ലൂർ, വടക്കാഞ്ചേരി മേഖലകളുടെ സംഗമം ലൂർദ്ദ്, പറപ്പൂർ, പാലയ്ക്കൽ, മുണ്ടത്തിക്കോട് എന്നീ യൂണിറ്റുകളിൽ വെച്ച് നടത്തപ്പെട്ടു. തദവസരത്തിൽ ഓരോ മേഖലകളുടെയും കീഴിൽ വരുന്ന ഫൊറോന ഭാരവാഹികളുടെയും മേഖല ഭാരവാഹികളുടെയും തെരഞ്ഞെടുപ്പും നടത്തപ്പെട്ടു.

7. **കരുതൽ ക്ഷേമ പദ്ധതി.**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിലെ അംഗത്വം, അതിരൂപത ടീം അംഗങ്ങൾ ഡിസംബർ മാസത്തിൽ അതാതു യൂണിറ്റുകളിൽ ചെന്ന് പുതുക്കി നല്കി. കരുതൽ ക്ഷേമ പദ്ധതിയിൽ നിന്നും ഇതുവരെ 255 അംഗങ്ങൾക്കായി 13,65890 രൂപ സഹായധനമായി നൽകി. 167 വിവാഹ സഹായം, 69 ചികിൽസാസാഹായം, 19 മരണാനന്തര സഹായവുമാണ് നൽകിയത്.

8. **ഭവന സന്ദർശനം നടത്തി.**

അതിരൂപത സ്നേഹനിധി എക്സിക്യൂട്ടിവ് അംഗങ്ങൾ, ഡയറക്റ്ററുടെ നേതൃത്വത്തിൽ പ്രളയ ദുരന്തസ്ഥലങ്ങളിലെ ഭവനങ്ങൾ സന്ദർശിക്കുകയും, താൽകാലിക ഭവനങ്ങളുടെ നിജസ്ഥിതി മനസിലാക്കുകയും, ചെയ്തു. അതിരൂപത സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നൽകിയ കിറ്റുകൾക്കും സഹായങ്ങൾക്കും തദവസരത്തിൽ അവർ നന്ദി അറിയിക്കുകയും ചെയ്തു.

9. **SHG - BAT മീറ്റിംഗ് നടത്തി.**

കണ്ണാറ, വലക്കാവ്, വെട്ടുക്കാട്, പെരിഞ്ചേരി, ഭരത, കല്ലൂർ ഈസ്റ്റ് എന്നീ എസ്.എച്ച്.ജി കളിൽ ബേസിക് ഏക്ഷൻ ടീം മീറ്റിംഗ് നടത്തി. സംഘങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ കോഡിനേറ്റർ നല്കുകയും ചെയ്തു.

10. **ഗോഡ്സ് ഓൺ ഫാമിലി ബേസ് ലൈൻ ഡാറ്റാ കളക്ഷൻ നടത്തി.**

പറപ്പൂർ, പോന്നോർ, ആർത്താറ്റ്, മുണ്ടൂർ, വില്ലടം, പൊങ്ങണംകാ

ട്, താണിക്കുടം, കുറ്റൂർ, വിയ്യൂർ, പുതുക്കാട്, കാഞ്ഞാണി, നെല്ലങ്കര, കണ്ടശ്ശാംകടവ്, കോട്ടപ്പടി, പൊന്നൂക്കര, കുണ്ടൂർ, കിള്ളിമംഗലം, ചേലക്കര, പുലക്കോട്, പങ്ങാരപ്പിള്ളി, പീച്ചി, കണ്ണാറ, മണലൂർ, വെങ്കിടങ്ങ്, കോനിക്കര, മരത്താക്കര എന്നിവിടങ്ങളിലെ വീടുകളിൽ അടിസ്ഥാന വിവര ശേഖരണം നടത്തി. ഗുണഭോക്തൃകുടുംബങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , വരുമാനവർദ്ധക സംരംഭങ്ങൾ, ഫണ്ട് വിനിയോഗം എന്നിവയെക്കുറിച്ച് വിലയിരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

11. **ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം നല്കിയ ഇടവകകളും സംഖ്യയും.**

    ചേലക്കര–Rs.25,000/–, അന്തിക്കാട്–Rs.15,000/–, പെരിങ്ങോട്ടുകര–Rs.20,000/–, കൂനംമൂച്ചി–Rs.10,000/–, കാഞ്ഞാണി–Rs.20,000/–, നടത്തറ–Rs.21,500/–, പൊങ്ങണംകാട്–Rs.6,000/–, പള്ളിക്കുന്ന്–Rs.8,000/–, പുറനാട്ടുകര–Rs.15,622/–, പുത്തൻപള്ളി–Rs.17,000/–, ലൂർദ്ദ്–Rs.12,500/–, വില്ലടം–Rs.10,000/–, തെക്കുംപാടം– Rs.15,000/–, പറപ്പൂർ–Rs.10,000/–, കുറ്റൂർ–Rs.17,342/–, പുത്തൻപീടിക–Rs.7,000/–, ചിറ്റിശ്ശേരി–Rs.10,000/–. ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയും വിദ്യാഭ്യാസം, വീടുനിർമ്മാണം, ചികിത്സ എന്നീ ആവശ്യങ്ങൾക്കുമാണ് ഈ പദ്ധതി മുഖേന സഹായം നല്കുന്നത്.

12. **EDP Training നടത്തി**

    ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ പുതിയ ഗുണഭോക്തൃകുടുംബങ്ങൾക്കായി ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് ട്രെയിനിങ്ങ് നടത്തുകയുണ്ടായി. ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രം ഡയറക്ടർ ശ്രീ.രാജേന്ദ്രപ്രസാദ് വിവിധ സ്വയം തൊഴിലുകളെക്കുറിച്ച് വിശദമായി ക്ലാസുകൾ നയിച്ചു. സേവ് എ ഫാമിലി പ്ലാൻ, നാഷണൽ ഓഫീസ് റീജിയണൽ പ്രോഗ്രാം ഓഫീസർ ശ്രീ. മനോജ്, ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിനെക്കുറിച്ച് വിശദീകരിച്ചു.

13. **ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും**

    കോലഴി–Rs.12,000/–, ഇരവിമംഗലം–Rs.49,000/–, നെല്ലിക്കുന്ന്–Rs.11,000/–, കൊട്ടേക്കാട്– Rs.8,000/–, പെരിങ്ങോട്ടുകര–Rs.15,000/–, ചിറ്റിശ്ശേരി–Rs.12,000/–. വില്ലടം – Rs.26,000/–, പോന്നോര്–Rs.8,000/–. കുറ്റൂർ –Rs.28,500/–. നടത്തറ–Rs.15,000/–, വെങ്ങിണിശ്ശേരി–Rs.8,000/–, കല്ലൂർ–Rs.10,000/–.

14. **മണ്ണുത്തിയിൽ ഭവനങ്ങൾക്ക് തറക്കല്ലിട്ടു**

    സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, മണ്ണുത്തി ഇടവകയുമായി സഹ

കരിച്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് നല്കുന്നതിനായുള്ള വീടുകൾക്ക് തറക്കല്ലിട്ടു. അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവാണ് അർഹരായ കുടുംബങ്ങൾക്കു വേണ്ടിയുള്ള വീടുകളുടെ തറക്കല്ലിടൽ നിർവ്വഹിച്ചത്. പാറയ്ക്കൽ ജോയ്, കൊച്ചുത്രേസ്യ ദമ്പതികളാണ് വീടുപണിയ്ക്കായി സ്ഥലം സംഭാവനയായി നല്കിയത്.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**നന്ദിയോടെ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2017 ൽ വിവാഹിതരായവരുടെയും 1993 ൽ വിവാഹിതരായവരുടെ സിൽവർ ജൂബിലിയും 1968 ൽ വിവാഹിതരായവരുടെ ഗോൾഡൻ ജൂബിലിയും യഥാക്രമം ഫാമിലി അപ്പൊസ്റ്റൊലേറ്റിലും ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലും വച്ച് നടത്തുകയുണ്ടായി. സിൽവർ ജൂബിലിക്ക് ഏകദേശം 800 ഓളം ജോഡികളും ഗോൾഡൻ ജൂബിലിക്ക് 160 ഓളം ജോഡികളും പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. അതുപോലെ തന്നെ ഇവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും നന്ദി പറയുന്നു. ജൂബിലികൾ ഇത്ര മനോഹരമാക്കാൻ നേതൃത്വം കൊടുത്ത അഭിവന്ദ്യ ആൻഡ്രൂസ് പിതാവിനോടും അഭിവന്ദ്യ ടോണി പിതാവിനോടും പ്രത്യേകം നന്ദി പറയുന്നു. സിൽവർ, ഗോൾഡൻ ജൂബിലികൾ മനോഹരമാക്കാൻ സഹായിച്ചത് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്താൻ സാധിച്ചതുകൊണ്ടാണ്. അതിനു സഹായിച്ച കത്തീഡ്രൽ പള്ളി അച്ചന്മാരോടും കൈക്കാരന്മാരോടും ദൈവാലയ ശുശ്രൂഷികളോടും പ്രത്യേകം നന്ദി പറയുന്നു. വിവാഹത്തിന്റെ ആദ്യ വർഷം പൂർത്തിയാക്കിയവർക്കും സിൽവർ ജൂബിലി ആഘോഷിച്ചവർക്കുമുള്ള ക്ലാസ്സുകൾ അതി മനോഹരമായി നയിച്ച പ്രിയ

പ്പെട്ട വിൻസെന്റ് കുണ്ടുകുളം അച്ചനും വിവാഹത്തിന്റെ സുവർണ്ണ ജൂബിലികാർക്കുള്ള ക്ലാസ്സും ആരാധനയും സവിശേഷമായ രീതിയിൽ നയിച്ച പ്രിയപ്പെട്ട വർഗ്ഗീസ് കൂത്തൂർ അച്ചനും ഒത്തിരി നന്ദി.

| | |
|---|---|
| **ഫാ. ഡെന്നി താണിക്കൽ** | **ഫാ. ജിയോ തെക്കിനിയത്ത്** |
| ഡയറക്ടർ | അസോ.ഡയറക്ടർ |



# കുടുംബക്കൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ് - ജനുവരി 26 ശനി, 2.30 pm**

ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജനുവരി 26-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ ജനറൽബോഡിയും സമ്മാനദാനവും വാർഷിക പദ്ധതി പ്രകാശനവും**

ഡിസംബർ 22-ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ ജനറൽബോഡി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുകയുണ്ടായി. അഭിവന്ദ്യ ആൻഡ്രൂസ് പിതാവും ടോണി പിതാവും ഉദ്ഘാടനവും അദ്ധ്യക്ഷതയും വഹിച്ചു. ഈ സമ്മേളനത്തിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തപ്പെട്ട മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാനങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ നിർവ്വഹിക്കുകയും തുടർന്ന് അതിരൂപത അസംബ്ലിയുടെ പശ്ചാതലത്തിൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഇടവക, ഫൊറോന, അതിരൂപത വാർഷിക പദ്ധതി അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പ്രകാശനം ചെയ്യുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു.

**മൗണ്ട് സെന്റ് തോമാസിൽ ഭാരവാഹികൾ സമ്മേളിച്ചു**

സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലെയും കുടുംബകൂട്ടായ്മകളുടെ രൂപതാനേതൃത്വത്തിലുള്ളവരുടെ സമ്മേളനം മൗണ്ട് സെന്റ് തോമാസിൽ കൂടുകയുണ്ടായി. നമ്മുടെ വാർഷിക റിപ്പോർട്ട് ഭാരവാഹികൾ അവതരിപ്പിച്ചപ്പോൾ കയ്യടിയും അഭിനന്ദനങ്ങളും ലഭിക്കുകയുണ്ടായി. അടുത്ത വർഷത്തെ സഭാതലത്തിലുള്ള കർമ്മ പരിപാടികൾ ചർച്ച ചെയ്യുകയും ഭാവി പരിപാടികൾ രൂപീകരിക്കുകയും ചെയ്തു. അതിരൂപത നേതൃത്വം ചർച്ചയിൽ സജീവമായി പങ്കുചേരുകയുണ്ടായി.

| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

**1. കിസ്തുമസ്സ് ആഘോഷവും വാർഷിക പദ്ധതി പ്രകാശനവും**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ബഹുമാനപ്പെട്ട ജോർജ്ജ് കോമ്പാറ അച്ചന്റെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് ആഘോഷിക്കുകയും അതിരൂപത അസംബ്ലിയുടെ പശ്ചാതലത്തിൽ തയ്യാറാക്കിയ ഇടവക, ഫൊറോന, അതിരൂപത വാർഷിക പദ്ധതി കോമ്പാറ അച്ചൻ പ്രകാശനം ചെയ്യുകയും ചെയ്തു. ക്രിസ്തുമസ് ആഘോഷത്തിലും വാർഷിക പദ്ധതി പ്രകാശനത്തിലും പങ്കെടുത്ത മാതൃവേദിയിലെ എല്ലാ അമ്മമാർക്കും ബഹുമാനപ്പെട്ട ജോർജ്ജ് കോമ്പാറ അച്ചനും നന്ദി പറയുന്നു.

**2. കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ജനുവരി 10 വ്യാഴം (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ജനുവരി മാസത്തിൽ നടത്തേണ്ടത് ബസിലിക്ക ഫൊറോനയിലെ ഇടവകകളാണ്. ഈ

ഫൊറോനയിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗ ങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**3. കുർബാന ഒരു പഠനം**

**ജനുവരി 10 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശി ബിരം ജനുവരി 10–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**4. പ്രാർത്ഥനാദിനം**

**ജനുവരി 10 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിന മാണ് ജനുവരി 10–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭി ക്കും. തുടർന്ന് വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാ ദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

| **ജൂലി ബാബു** | **മേരി വിൻസെന്റ്** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| സെക്രട്ടറി | പ്രസിഡണ്ട് | ഡയറക്ടർ |




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ക്രിസ്തുമസ്സ് ആഘോഷവും വാർഷിക പദ്ധതി പ്രകാശനവും**

അതിരൂപത പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ബഹുമാനപ്പെട്ട ജോർജ്ജ് കോമ്പാറ അച്ചന്റെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് ആഘോഷിക്കുകയും അതിരൂപത അസം ബ്ലിയുടെ പശ്ചാതലത്തിൽ തയ്യാറാക്കിയ അതിരൂപത വാർഷിക പദ്ധതി കോമ്പാറ അച്ചൻ പ്രകാശനം ചെയ്യുകയും ചെയ്തു. ക്രിസ്തുമസ് ആഘോഷത്തിലും വാർഷിക പദ്ധതി പ്രകാശനത്തിലും പങ്കെടുത്ത

പ്രോലൈഫ് സമിതിയിലെ എല്ലാ അംഗങ്ങൾക്കും ബഹുമാനപ്പെട്ട ജോർജ്ജ് കോമ്പാറ അച്ചനും നന്ദി പറയുന്നു.

**തിരുമണിക്കൂർ ആരാധന**

**ജനുവരി 7 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**മേഖലാ സമ്മേളനം**

**ജനുവരി 26 ശനി (രാവിലെ 10.00 മുതൽ 3.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മേഖലാ സമ്മേളനം – തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട്, കോട്ടപ്പുറം, രാമനാഥപുരം, സുൽത്താൻപേട്ട് എന്നീ രൂപതകളിലെ പ്രോലൈഫ് പ്രവർത്തകരുടെ മേഖലാ സമ്മേളനം ജനുവരി 26–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 3.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. ഈ മേഖലാ സമ്മേളനത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. ജെയിംസ് ആച്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# ബൈബിൾ അപ്പോസ്തോലേറ്റ്

**1. വെരിത്താസ് പ്രതിഭ**

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ വെരിത്താസ് ക്വിസിന്റെ ഗ്രാന്റ് ഫിനാലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടന്നു. ഗ്രാന്റ് ഫിനാലെയിൽ ഏഴു റൗണ്ടുകളിലായി നടന്ന മത്സരത്തിൽ **പറപ്പൂർ ഇടവകയിൽ നിന്നുള്ള ശ്രീമതി ആനി ജോർജ്ജ് വെരിത്താസ് ക്വിസ് പ്രതിഭയായത്.** ക്രിസ്റ്റി പ്രിൻസ് (അമ്മാടം), അലീന സോജൻ (പെരിഞ്ചേരി), ലിനീന വിബിൻ (വെണ്ടോർ),

ഷൈജി ഡെന്നി (വരടിയം), ഡോ. എൽസി ജോസ് (പാറേംപാടം) എന്നിവരായിരുന്നു ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ച മത്സരാർത്ഥികൾ. ഫാ. ജിയോ തരകൻ ക്വിസ് നയിച്ചു.

**2. ലോഗോസ് ക്വിസ് –2018 സംസ്ഥാനതല മത്സരം**

സംസ്ഥാനതല ലോഗോസ് ക്വിസ് പരീക്ഷയിൽ സി ഗ്രൂപ്പിൽ വെണ്ടോർ ഇടവകാംഗമായ ലിനീന വിബിൻ ഒന്നാം സ്ഥാനത്തിന് അർഹയായി. ക്രിസ്റ്റി പ്രിൻസ് – അമ്മാടം (എ ഗ്രൂപ്പ്), മിൻസ മരിയ – മാടക്കത്തറ (ബി ഗ്രൂപ്പ്), ഹന്ന ജോജു – മണ്ണംപേട്ട (ബി ഗ്രൂപ്പ്), ഷൈജി ഡെന്നി – വരടിയം (ഡി ഗ്രൂപ്പ്), ആനി ജോർജ്ജ് – പറപ്പൂർ (ഇ ഗ്രൂപ്പ്), ഡോ. എൽസി ജോസ് – പാറേംപാടം (എഫ് ഗ്രൂപ്പ്), റോസിലി അഗസ്റ്റിൻ (എഫ് ഗ്രൂപ്പ്) എന്നിവർ സംസ്ഥാനതലത്തിൽ നാലാം സ്ഥാനത്തിന് അർഹരായി.

**3. ബൈബിൾ അപ്പസ്തൊലേറ്റ് അവാർഡുകൾ – 2018**

**ബൈബിൾ ക്വിസ് –**

**ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത ഇടവകകൾ**

| | |
|---|---|
| **Ist Prize:** | – പാവറട്ടി, സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രം |
| **IInd Prize:** | – പുതുക്കാട്, സെന്റ് ആന്റണീസ് ചർച്ച് |
| **IIIrd Prize:** | – പറപ്പൂർ, സെന്റ് ജോൺ നെപുംസ്യാൻ ചർച്ച് |
| **Consolation1:** | – പള്ളിക്കുന്ന്, അസംപ്ഷൻ ചർച്ച് |
| **Consolation2:** | – ചേർപ്പ്, സെന്റ് ആന്റണീസ് ചർച്ച് |

**ബൈബിൾ ക്വിസ് – ആനുപതികമായി കൂടുതൽ രജിസ്ട്രേഷൻ**

| | |
|---|---|
| **Ist Prize:** | – പൊറത്തൂർ, സെന്റ് ആന്റണീസ് ചർച്ച് |
| **IInd Prize:** | – പൊന്നാനി, സെന്റ് ആന്റണീസ് ചർച്ച് |
| **IIIrd Prize:** | – കടങ്ങോട്, ഇൻഫന്റ് ജീസസ്സ് ചർച്ച് |
| **Consolation1:** | – ചിറനെല്ലൂർ, സെന്റ് ആന്റണീസ് ചർച്ച് |
| **Consolation2:** | – പാറന്നൂർ, സെന്റ് ജോസഫ്സ് ചർച്ച് |

**ബൈബിൾ ക്വിസ് –**

**ആനുപതികമായി കൂടുതൽ പരീക്ഷ എഴുതിയവർ**

| | |
|---|---|
| **Ist Prize:** | – പൂമല, ലിറ്റിൽ ഫ്ളവർ ചർച്ച് |
| **IInd Prize:** | – കാരമുക്ക് നോർത്ത്, സെന്റ് ആന്റണീസ് ചർച്ച് |
| **IIIrd Prize:** | – അഞ്ചേരി, സെന്റ് മേരീസ് ചർച്ച് |
| **Consolation1:** | – കൊളങ്ങാട്ടുകര, സെന്റ് മേരീസ് ചർച്ച് |
| **Consolation2:** | – കൂട്ടാല, സെന്റ് തോമസ് ചർച്ച് |

**4. ബൈബിൾ അപ്പസ്തൊലോറ്റ് അവാർഡ് ഡേ–2018**

ഈ വർഷത്തെ ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ് ഡേ, 2018 ഡിസംബർ 23ന് ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് തൃശ്ശൂർ അതിരൂപത ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടകനും, മോൺ. തോമസ് കാക്കശ്ശേരി

അദ്ധ്യക്ഷനുമായിരുന്നു. മോൺ. ജോർജ്ജ് കോമ്പാറ ആശംസക ളർപ്പിച്ചു. വെരിത്താസ് ക്വിസ് അതിരൂപത വിജയികൾ, ഇതര വെരി ത്താസ് ക്വിസ് മത്സര വിജയികൾ, ലോഗോസ് ക്വിസ് വിജയികൾ എന്നിവർക്ക് അതിരൂപത അവാർഡ് ദിനത്തിൽ സമ്മാനങ്ങൾ നല്കി.

**5. ഫൊറോനതല ബൈബിൾ ദിനാചരണവും അവാർഡു ദാനവും**

അതിരൂപത ബൈബിൾ മാസാചരണം 2018 ഡിസംബർ 1ന് ലൂർദ്ദ് മെത്രപ്പോലത്തൻ കത്തീഡ്രലിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഡിസംബർ 30ന് പറപ്പൂർ, സെ. ജോൺ നെപും സ്യാൻ ഫൊറോന ദൈവാലയത്തിൽ നടന്ന സമ്മേളനത്തോടെ പാരാ യണമാസാചരണത്തിന് സമാപനമായി. മോൺ. തോമസ് കാക്ക ശ്ശേരി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. ഇടവകകളിലേ ക്കുള്ള ബൈബിൾ കലണ്ടറുകൾ വിതരണം ചെയ്യുകയുണ്ടായി

**6. തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2019 മെയ് 1നും, വിശുദ്ധനാട് തീർത്ഥാടനം 2019 ഏപ്രിൽ 22, മെയ് 3, 6, 15, 20, 21 തിയ്യതികളിൽ പുറപ്പെടുന്നു. രോഗികളായി വീൽചെയറിൽ സഞ്ചരിക്കാൻ സാധിക്കുന്നവർക്ക് ഒരു സഹായിയെയും കൂട്ടി വിശുദ്ധനാട് തീർത്ഥാടനത്തിന് സൗകര്യമൊ രുക്കുന്നു. ഏപ്രിൽ 3നാണ് യാത്ര ആരംഭിക്കുന്നത്. പങ്കെടു ക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
ഡയറക്ടർ




**1. എക്സലൻഷിയ – 2019 ജനുവരി 4ന്**

തൃശൂർ അതിരൂപതയിലെ കത്തോലിക്ക സ്കൂളുകളിലെ **S.S.L.C. A+** പ്രതീക്ഷിക്കുന്ന കുട്ടികളുടെ സംഗമം **എക്സലൻഷിയ – 2019** തൃശൂർ **DBCLC** ഓഡിറ്റോറിയത്തിൽ **ജനുവരി 4–ാം** തിയതി **വെള്ളിയാഴ്ച** രാവിലെ **9.30 മുതൽ 3.30 വരെ** സംഘടിപ്പിക്കുന്നു. സെമിനാറിലും, വർക്ഷോപ്പിലും കേരളത്തിലെ പ്രഗൽഭരായ

സിവിൽ സർവീസ് ഉദ്യോഗസ്ഥർ, മോട്ടിവേഷൻ ട്രെയ്നേഴ്സ് എന്നിവർ പങ്കെടുക്കുന്നു. എക്സൽ അക്കാദമി, ദീപിക പത്രം, ടീച്ചേഴ്സ് ഗിൽഡ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിച്ചിട്ടുള്ളത്.

2. **Excel Academy - K - TET Registration**

Excel K-TET അക്കാദമിയുടെ നേതൃത്വത്തിൽ K-TETന്റെ പുതിയ ബാച്ചിന്റെ റജിസ്ട്രേഷൻ ആരംഭിച്ചു. ക്ലാസുകൾ ജനുവരി ആദ്യ ആഴ്ച ആരംഭിക്കും. **കൂടുതൽ വിവരങ്ങൾക്ക്** PH:- 9847276657, 9744941585

3. **അതിരൂപതാ PSC മാതൃകാപരീക്ഷ**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC മാതൃകാപരീക്ഷ അതിരൂപത തലത്തിൽ സംഘടിപ്പിക്കുന്നു. 18 വയസു മുതൽ 36 വയസുവരെയുള്ള 7–ാം ക്ലാസ് വിജയിച്ചവർ മുതൽ PG സമ്പാദിച്ചവർവരെയുള്ളവർക്ക് പരീക്ഷ എഴുതാവുന്നതാണ്. **2019 ഫെബ്രുവരി 24**–ാം തിയതി **ഞായറാഴ്ച 2** മണിമുതൽ **3.15**വരെ, എക്സൽഅക്കാദമി, **DBCLC**യിൽ (ബിഷപ്പ് ഹൗസ്) വെച്ചാണ് പരീക്ഷ. **റജിസ്ട്രേഷൻ അവസാന തിയതി ഫെബ്രുവരി 18. റജിസ്ട്രേഷൻ ഫീസ് 30/– കൂടുതൽ വിവരങ്ങൾക്ക് PH: 9495278764, 9744941585**

4. **Excel Best Student Teacher Competition**

Excel K-TET അക്കാദമിയുടെ നേതൃത്വത്തിൽ തൃശൂർ ജില്ലയിലെ B.Ed, TTC കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി **ഡിസംബർ 12–ാം** തിയതി നടത്തിയ Excel Best Student Teacher Competition നിൽ **600** വിദ്യാർത്ഥികൾ പങ്കെടുത്തു. ഈ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവരെ തെരഞ്ഞെടുത്ത് **ജനുവരി 14**–ാം തിയതി, Excel K-TET, അക്കാദമി DBCLCയിൽ വെച്ച് ടീച്ചിങ്ങ് പെർഫോമൻസ് ടെസ്റ്റ് സംഘടിപ്പിക്കുന്നു. പ്രശസ്ത വിജയം കരസ്ഥമാക്കുന്നവർക്ക് കാഷ് അവാർഡുകളും K-TET പരിശീലനത്തിനുള്ള സ്കോളർഷിപ്പുകളും നൽകുന്നു.

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




1. **അതിരൂപത സമിതിയുടെ ഇലക്ഷൻ**
   കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ 2019–20 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് 2019 ജനുവരി 28–ാം തിയ്യതി ഞായറാഴ്ച തൃശൂർ അതിരൂപത ഫാമിലി അപ്പോസ്തോലിക്ക് സെന്ററിൽ വെച്ച് നടക്കുന്നു.
2. **സെനറ്റ് സമ്മേളനവും, സംസ്ഥാന സമിതി തിരഞ്ഞെടുപ്പും**
   കെ.സി.വൈ.എം.ന്റെ കേരളത്തിലെ 32 രൂപതകൾ പങ്കെടുക്കുന്ന സംസ്ഥാന സെനറ്റ് സമ്മേളനവും, ഇലക്ഷൻ ക്യാമ്പയിനും തൃശൂർ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഫാമിലി അപ്പോസ്തോലിക്ക് സെന്ററിൽ നടക്കുന്നു. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി 32 രൂപതകളുടെ റിപ്പോർട്ട് അവതരണവും, ചർച്ചകൾ, സെമിനാറുകൾ, പ്രതിനിധി സമ്മേളനം, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. 2019 വർഷത്തേക്കുള്ള പുതിയ സംസ്ഥാന സമിതിയുടെ തിരഞ്ഞെടുപ്പും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ, രാഷ്ട്രീയ – സാമൂഹിക – സാംസ്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കും.
3. **അതിരൂപത യുവജനദിനാഘോഷം**
   വിശ്വാസവും വിളി സംബന്ധമായ വിവേചിച്ചറിയലും എന്ന ആപ്തവാക്യവുമായി കെ.സി.വൈ.എം തൃശൂർ അതിരൂപത യുവജനദിനാഘോഷം ഡി.ബി.സി.എൽ.സി ഹാളിൽ വെച്ച് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ.റോയ് കണ്ണംച്ചിറ യുവജന സെമിനാർ നയിച്ചു. അതിരൂപതയിലെ 12 ഫൊറോനകളുടെ സെനറ്റ് റിപ്പോർട്ടിന് തൃശൂർ അതിരൂപത സമിതി അംഗീകാരം നൽകി. യുവജനദിനാഘോഷ പൊതുസമ്മേളനം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. സഭാ വിശ്വാസം കാത്തു സംരക്ഷിക്കുവാൻ യുവജനങ്ങൾ മുന്നോട്ട് വരുന്നത് തികച്ചും സന്തോഷജനകമാണെന്നും, അസത്യമായ വാർത്തകളുടെ ഉറവിടം കണ്ടുപിടിക്കുവാനും, അവരെ പൊതുസമൂഹത്തിൽ തുറന്നു കാട്ടുവാനും തയ്യാറാവണം. യുവജനങ്ങൾ സമൂഹമാധ്യമങ്ങളിൽ സജീവമാകുവാൻ പിതാവ് ആഹ്വാനം ചെയ്തു. കോഴിക്കോട് ജില്ലാ ജഡ്ജ് ഷിബു

തോമസ് തേറാട്ടിൽ മുഖ്യാതിഥി ആയി. കെ.സി.വൈ.എം സംസ്ഥാന ജന. സെക്രട്ടറി എബിൻ കണിവെയിൽ യുവജന സന്ദേശം നൽകി. ഫാ. ഡിറ്റോ കൂള, ഫാ.ജിയോ കടവി, ഫാ.ജിബി വാഴപ്പിള്ളി, അനൂപ് പുന്നപുഴ, ജിയോ ജോൺ, മേരി റെജീന, സാജൻ ജോസ്, സി.ടീന മരിയ, മാഫി ഡെൽസൻ, വില്യംസ്, പ്രിൻസി പ്രിൻസ്, അനീഷ് ആന്റണി, എം.പി.സിജോ, ജോസ്മോൻ കെ.ഫ്രാൻസിസ്, അഡ്വ. ലിന്റോ സിബി എന്നിവർ പ്രസംഗിച്ചു. എം.കോമിൽ ഒന്നാം റാങ്ക് നേടിയ ലിസ ജോൺസനെ അനുമോദിച്ചു.

**അനൂപ് പുന്നപുഴ**
പ്രസിഡണ്ട്

**ജിയോ ജോൺ**
സെക്രട്ടറി

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ



# സീനിയർ സി.എൽ.സി.

**മുൻകാല സി.എൽ.സി. പ്രവർത്തകരുടെ സംഗമം**

തൃശൂർ അതിരൂപത സീനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ മുൻകാല സി.എൽ.സി. രൂപത/ഫൊറോന/ഇടവക ഭാരവാഹികളുടെയും പ്രവർത്തകരുടെയും "സ്നേഹകൂട്ടായ്മ" ഡിസംബർ 2 ഞായർ തൃശൂർ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തിൽ കൂടിയ ഈ സംഗമത്തിൽ മുൻകാല സി.എൽ.സി. പ്രവർത്തകർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. അതിരൂപത സീനിയർ സി.എൽ.സി. ശക്തമാക്കുന്നതിനെക്കുറിച്ചും, യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചർച്ചകളും നടന്നു. അതിരൂപത സീനിയർ സി.എൽ.സി. പ്രസിഡന്റ് ബാബു അതിയുന്തൻ അദ്ധ്യക്ഷനായ ചടങ്ങിൽ സെക്രട്ടറി അലക്സ് സി.എ., ട്രഷറർ ജോസ് ചാണിയിൽ, ബേബി മൂക്കൻ, ലീമ ആന്റണി, ഷാജൻ സി.എ. എന്നിവർ പ്രസംഗിച്ചു.

**ബാബു അതിയുന്തൻ**
പ്രസിഡന്റ്

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**അലക്സ് സി.എ.**
സെക്രട്ടറി

# സി.എൽ.സി.

**1. തൃശൂർ അതിരൂപത സി ൽ സി ജനറൽ ബോഡി യോഗം**

തൃശൂർ അതിരൂപത സി.ൽ.സി. യുടെ 2019 ലെ പ്രഥമ ജനറൽ ബോഡി യോഗം ജനുവരി 27നു അതിരൂപത ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തുന്നു. 2 മണിക്ക് ആരംഭിക്കുന്ന യോഗത്തിൽ, ഇടവക, ഫൊറോന ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്. തൃശൂർ അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തു പിതാവ് 2019 വാർഷിക പദ്ധതി പ്രകാശനം ചെയ്യുന്നു . മോഡൽ യൂണിറ്റ്, മോഡൽ ഫൊറോന തുടങ്ങിയ സമ്മാനങ്ങളും, അതിരൂപത സാഹിത്യ മത്സരങ്ങളുടെയും, മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ പ്രസംഗ മത്സരത്തിന്റെയും, മദർ തെരേസ ചിത്ര രചന മത്സരത്തിന്റെയും, ഷൂട്ട് ഔട്ട് മത്സരത്തിന്റെയും സമ്മാനങ്ങളും അന്നേ ദിവസം നൽകുന്നതായിരിക്കും.

**2. ഡിസ്കൗണ്ട് കൂപ്പൺ**

ഡിസ്കൗണ്ട് കൂപ്പണുകൾ ഈ മാസം തന്നെ അതിരൂപത ഭാരവാഹികളുടെ കയ്യിൽ തിരികെ ഏത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി സി.എൽ.സി. ഭാരവാഹികളുമായി ബന്ധപ്പെടുക.

**3. അതിരൂപത സി.ൽ.സി. സോണൽ മീറ്റ്**

ഡിസംബർ 2 നു വേലൂർ, എരുമപ്പെട്ടി, വടക്കാഞ്ചേരി, ഫൊറോനകളുടെ സോണൽ മീറ്റ് തലക്കോട്ടുകര ദേവാലയത്തിലും, ഡിസംബർ 9 നു ലൂർദ്, ബസിലിക്ക ഫൊറോനകളുടെ സോണൽ മീറ്റ് ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ചും, കൊട്ടേക്കാട് ഫൊറോന സോണൽ മീറ്റ് കൊട്ടേക്കാട് ഫൊറോന ദേവോലയത്തിൽ വച്ചും, പഴുവിൽ ഫൊറോന സോണൽ മീറ്റ് ചേർപ്പ് ഇടവകയിൽ വച്ചും നടന്നു. അതിരൂപത, ഫൊറോന ഭാരവാഹികൾ യോഗങ്ങളിൽ പങ്കെടുത്തു.

**4. സംസ്ഥാന സി.എൽ.സി. സെനറ്റ്**

ഡിസംബർ 15 നു എറണാകുളം പി.ഒ.സി. യിൽ വച്ച് നടത്തിയ സംസ്ഥാന സി ൽ സി സെനറ്റിൽ അതിരൂപത, സംസ്ഥാന സി എൽ സി ഭാരവാഹികൾ പങ്കെടുത്തു.

| ജോമി ജോൺസൻ | ജെസ്വിൻ സാജു | ഫാ. ജിയോ തെക്കിനിയത്ത് |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | പ്രമോട്ടർ |




# ചിൽഡ്രൻസ് മിനിസ്ട്രി

**1. അതിരൂപത സെയിന്റ്സ് ക്വിസ്**
തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സെയിന്റ്സ് ക്വിസ്സിന് ഫസ്റ്റ് നേടിയവർക്കായി അതിരൂപതാതലത്തിൽ ക്വിസ്സ് മത്സരം 2019 ജനുവരി 12 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 4 മണിവരെ നടത്തുന്നു. മത്സരത്തിനു വരുമ്പോൾ **ബാഡ്ജ്, അംഗത്വസർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.** കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക: Office Time - 9.30 am to 4.30 pm. Ph. 0487-2325336, 9947582522

**വാർഷിക റിപ്പോർട്ട്:** തിരുബാലസംഖ്യ വാർഷിക റിപ്പോർട്ട്, മിഷൻ കളക്ഷൻ, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ട്, അൾത്താരസംഘ വാർഷിക റിപ്പോർട്ട്, Prayer Friend Collection എന്നിവ ഇതുവരെയും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏല്പിക്കാത്തവർ എത്രയും വേഗം ഏല്പിക്കേണ്ടതാണ്.

**2. അതിരൂപതാ കലാമത്സര സമ്മാനദാനം:** അതിരൂപതാതല സമ്മാനദാനം മതബോധന കേന്ദ്രത്തിൽ വെച്ച് **ജനുവരി 27** ഞായറായാഴ്ച ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 4.30 വരെ നടത്തപ്പെടുന്നു. അന്നേ ദിവസം തന്നെ സെയിന്റ്സ് ക്വിസ്സിനും സാഹിത്യ മൽസരങ്ങൾക്കും അതിരൂപതയിൽ സമ്മാനാർഹരായവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അന്നേദിവസം തന്നെ ആഗോളതിരുബാല സഖ്യത്തിന്റെ 175 –ാം വാർഷികാഘോഷം ഫൊറോനകളിൽ നിന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളോടെ അതിരൂപതാതലത്തിൽ നടത്തപ്പെടുന്നു.

3. സാഹിത്യ മൽസര വിജയികൾ

**Children's Ministry - LITERARY COMPETIONS 2018**

**Short Poem**

**Holy Childhood Junior**

| | | |
|---|---|---|
| First | Anaga Varghese | St. Sebasan's Church, Nellikkunnu |
| Second | Arsha Maria | St. Thomas Church Mattom |
| Third | | Jeeva Joshy St. Francis Xaviers Church, Wadakkanchery |

**Holy Childhood Senior**

| | | |
|---|---|---|
| First | Aleena Biju | St. Joseph's Church, Chuvannamannu |
| Second | Adhryn | Sacred Heart Shrine, Perinchery |
| Third | Rosna P. Surjith | St. Thomas Forane Church, Mattom |

**Altar Boys' Associaon Junior**

| | | |
|---|---|---|
| First | Albin Rajiv | Sacred Heart Church, Perinchery |
| Second | Enosh P.R | St. Francis Xaviers Church, Wadakkanchery |

**Junior C.L.C.**

| | | |
|---|---|---|
| First | Edwin K. Francis | Sacred Heart Shrine, Perinchery |
| Second | Jiya Maria | Kanikkamatha Church, Panamuck |
| Third | Anna Maria A.J. | St. Thomas Forane Church, Mattom |

**Short Story**

**Holy Childhood Junior**

| | | |
|---|---|---|
| First | Sandra Benny | Lourdmatha Church, Peechi |
| Second | Aleena K.J | St. Thomas Forane Church, Mattom |
| Third | Ann Mary Shaju | St. Francis Xaviers Church, Wadakkanchery |

**Holy Childhood Senior**

| | | |
|---|---|---|
| First | Priya Benny | St. Sebasan's Church, Nellikkunnu |
| Second | Ann Mariya C.V. | Lourd Metropolitan Cathedrelk Trichur |
| Third | Nandana | St. Thomas Forane Church, Palayur |

**ABA - Junior**

| | | |
|---|---|---|
| Consolaon Prize | Jeswin Paul | St. Thomas Church, Mattom |

**Altar Boys' Associaon Senior**

| | | |
|---|---|---|
| First | Alan Akkara | St. Thomas Forane Church, Mattom |
| Second | Roshan Raphy | Sacred Heart Shrine, Perinchery |
| Third | Albin Leon | Kanikkamatha Church, Panamuck |

**Junior C.L.C.**

| | | |
|---|---|---|
| First | Aleena P.A | Sacred Heart Shrine, Perinchery |
| Second | Angeline Thomas | Lourd Metropolitan Cathedrel Trichur |
| Third | Avina Maria | St. Thomas Forane Church, Mattom |

**Essay Wring**

**Holy Childhood Junior**

| | | |
|---|---|---|
| First | Anannya A.V. | St. Thomas Forane Church, Mattom |

| | | |
|---|---|---|
| Second | Anna Ajin | St. Sebasan's Church, Nellikkunnu |
| Third | Alna Joseph | Kanikkamatha Church, Panamuck |

**Holy Childhood Senior**

| | | |
|---|---|---|
| First | Dewel Rose | St. Thomas Forane Church, Palayur |
| Second | Agna Maria K.J. | St. Thomas Forane Church, Mattom |
| Third | Shelma T. Shaju | Sacred Heart Church, Chembukkavu |

**Altar Boys' Associaon Junior**

| | | |
|---|---|---|
| Consolaon | Savio C.F. | St. Francis Xaviers Church, Wadakkanchery |

**Altar Boys' Associaon Senior**

| | | |
|---|---|---|
| First | John Anto Chirayath | St. George Church, Mukkattukara |
| Second | Emmanual Sunny | Lourdmatha Church, Peechi |
| Third | Alert Creon J. B | Lourdmatha Church, Peechi |

**Junior C.L.C.**

| | | |
|---|---|---|
| First | Finu Thomas | St. Thomas Forane Church, Mattom |
| Second | Jasmin Baby | St. Joseph's Church, Valakkavu |
| Third | Hridhil Nia Tom C. | St. Thomas Forane Church, Palayur |

**Poem Wring**

**Holy Childhood Junior**

| | | |
|---|---|---|
| First | Britta Bastian | St. Thomas Forane Church, Mattom |
| Second | Galiya P.G | St. Sebasan's Church, Nellikkunnu |

**Holy Childhood Senior**

| | | |
|---|---|---|
| First | therin Henri | Sacred Heart Shrine, Perinchery |
| Second | Jusn Babu K. | St. Thomas Forane Church, Palayur |
| Third | Joyal Liju | St. Sebasan's Church, Nellikkunnu |

**Altar Boys' Associaon Junior**

| | | |
|---|---|---|
| Consolaon | Criswin Kollannur | St. Francis Xaviers Forane Church, Wadakkanchery |

**Altar Boys' Associaon Senior**

| | | |
|---|---|---|
| First | Ashlin Richard | Sacred Heart Shrine, Perinchery |
| Second | Angewin P. Sojan | Kanikkamatha Church, Panamuck |
| Third | Benitto Kollannur | St. Francis Xaviers Church, Wadakkanchery |

**Junior C.L.C.**

| | | |
|---|---|---|
| First | Josmine A.J. | Sacred Heart Shrine, Perinchery |
| Second | Avin Johnson | St. Thomas Forane Church, Palayur |
| Third | Anitta Lawrence | St. Thomas Forane Church, Mattom |

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (മർക്കോ 8,34)

**സുകൃതജപം:** ഈശോയെ എന്നെ കാത്തുകൊള്ളണമെ

**പ്രാർത്ഥനാ നിയോഗം:** അഭയാർത്ഥികളായി കഴിയുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

**പ്രവർത്തിക്കാൻ**: നല്ലകാര്യങ്ങൾ പഠിക്കുന്നതിലും ചെയ്യുന്നതിലും ഉൽസാഹമുള്ളവരായിരിക്കുക!

**പരിചയപ്പെടുന്ന വിശുദ്ധ:** വി. വിൻസെന്റ് (ജനുവരി 22)

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. റോയ്സൻ കൊള്ളന്നൂർ**
ഡയറക്ടർ




**1. എസ്.എൻ.ടി.യു ജില്ല സമ്മേളനം**

കെ.എൽ.എം. ആഭിമുഖ്യത്തിൽ നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ജില്ലാ സമ്മേളനം 16.09.2018ന് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് നടത്തപ്പെട്ടു. ജില്ലാ പ്രസിഡന്റ് ശ്രീ. ജോസ് ചിറയത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം ശ്രീ. അനിൽ അക്കര എം. എൽ.എ ഉദ്ഘാടനം ചെയ്തു.

**2. കേരള ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ഫോറം (കെ. എസ്.ഇ.ഡബ്ല്യൂ.എഫ്) ജില്ല സമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പീടിക തൊഴിലാളികളുടെ സംഘടനയായ് പ്രവർത്തിക്കുന്ന കെ.എസ്.ഇ.ഡബ്ല്യൂ. എഫിന്റെ ജില്ല സമ്മേളനം 04.11.2018ന് തൃശ്ശൂർ കാൽവരി ആശ്രമം ഓഡിറ്റോറിയത്തിൽ വച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി അഡ്വ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. കെ.എസ്.ഇ.ഡബ്ല്യൂ.എഫ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. പി.ജെ. ഷാജു അധ്യക്ഷത വഹിച്ചു. കെ.എൽ.എം സംസ്ഥാന ഡയറക്ടർ റവ.ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ ആമുഖ പ്രഭാഷണവും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ ദേശീയ പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡ് മുഖ്യ പ്രഭാഷണവും നടത്തി.

**3. യൂണിറ്റ് സന്ദർശനങ്ങൾ, തിരഞ്ഞെടുപ്പുകൾ**

നടപ്പുവർഷത്തിൽ രണ്ടു പ്രാവശ്യം അതിരൂപത കേന്ദ്ര നിർവ്വാഹക സമിതി അംഗങ്ങൾ യൂണിറ്റ് സന്ദർശനങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. കെ.എൽ.എം. നിയമാവലി അനുശാസിക്കുന്ന തരത്തിൽ

തന്നെ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി യൂണിറ്റ് തല തിരഞ്ഞെടുപ്പുകളും നവംബർ മാസത്തിൽ ഫൊറോന സമിതി തിരഞ്ഞെടുപ്പുകളും പൂർത്തീകരിക്കുകയുണ്ടായി.

**4. നേതൃത്വ പരിശീലനം**

കെ.എൽ.എം. ഏകദിന നേതൃത്വ പരിശീലനം 09.12.2018ന് കാൽവരി ആശ്രമത്തിൽ വച്ച് നടത്തി. അതിരൂപത കെ.എൽ.എം. പ്രസിഡണ്ട് ശ്രീ ജോസ് മാടാനി അധ്യക്ഷത വഹിച്ച യോഗം തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയച്ചൻ ഉദ്ഘാടനം ചെയ്തു. കെ.എൽ എം സംസ്ഥാന പ്രസിഡണ്ട് ശ്രീ സെബാസ്റ്റ്യൻ പാലപറമ്പിലും, കെ.എൽ എം സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ ഷാജു ആൻറണിയും സെമിനാറുകൾ നയിച്ചു.

**5. ജനറൽ ബോഡി യോഗവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

2018 ഡിസംബർ 16ന് പേരാമംഗലം പള്ളിഹാളിൽ ചേർന്ന കെ.എൽ.എം. വാർഷിക ജനറൽ ബോഡി യോഗവും തിരഞ്ഞെടുപ്പു സമ്മേളനവും ആർച്ചുബഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ ആമുഖസന്ദേശം നല്കി. 2019-2020 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെ യോഗം തിരഞ്ഞെടുത്തു. പുത്തൂർ ഇടവക യൂണിറ്റംഗം ജോസ് മാടാനിയെ പ്രസിഡന്റായും തലോർ ഇടവക യൂണിറ്റംഗം മോളി ജോബിയെ ജനറൽ സെക്രട്ടറിയായും പുല്ലഴി ഇടവക യൂണിറ്റംഗം ആന്റോ പോളിനെ ട്രഷററായും തിരഞ്ഞെടുത്തു. ബിജു ചിറയത്ത് (കൊഴുക്കുള്ളി), ബീന പോൾ (ചിറ്റാട്ടുകര) എന്നിവർ വൈസ് പ്രസിഡന്റുമാരായും, ഷീജൻ മാത്യു (കിള്ളിമംഗലം), ജരാർദ് പോൾ (കാൽവരി), കെ. ജെ. ജോസ് (മുല്ലശ്ശേരി), ജോയി മാളിയേക്കൽ (നടത്തറ), ലിസി ബാബു (പുതുക്കാട്) എന്നിവർ സെക്രട്ടറിമാരായും ജസ്സി ജോസ് (എടക്കളത്തൂർ), ജോർജ് പാലത്തിങ്കൽ (വേലൂപാടം) എന്നിവർ കമ്മിറ്റി അംഗങ്ങളായും ജനറൽ ബോഡി യോഗം തിരഞ്ഞെടുത്തു.

**6. അസംഘടിത തൊഴിലാളി കൺവെൻഷൻ**

കേരള ലേബർമൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പേരാമംഗലം പള്ളിഹാളിൽ സംഘടിപ്പിച്ച അസംഘടിത തൊഴിലാളികളുടെ പൊതുസമ്മേളനം മാർടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. അനിൽ അക്കര എം.എൽ.എ. മുഖ്യാതിഥി ആയിരുന്നു. ഫാ. പോൾ അറക്കൽ, ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, ശ്രീമതി മോളി ജോബി എന്നിവർ പ്രസംഗിച്ചു. തൃശ്ശൂർ അതിരൂപതയിലെ മികച്ച കെ.എൽ.എം. മേഖലയായി മറ്റം ഫൊറോനയേയും മികച്ച യൂണിറ്റുകളായി പുത്തൂർ, എളവള്ളി ഇടവകകളേയും, മികച്ച വനിത യൂണിറ്റായി ചിറ്റാട്ടുകരയേയും, മികച്ച പ്രവർത്തകരായി ടോമി

പൊറുത്തൂർ, എം.എൽ. ഗേയ്സ് എന്നിവരേയും തിരഞ്ഞെടുത്ത് പൊതുസമ്മേളനത്തിൽ വച്ച് ബിഷപ് മാർ ടോണി നീലങ്കാവിൽ അവാർഡുകൾ നല്കി ആദരിച്ചു.

| **ജോസ് മാടാനി** | **മോളി ജോബി** | **ഫാ. ജോർജ് നിരപ്പുകാലായിൽ** |
|---|---|---|
| പ്രസിഡന്റ് | സെക്രട്ടറി | ഡയറക്ടർ |



## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. പരേതരായ വേലൂർ പി.സി. മുൻ പ്രസിഡണ്ട് ബ്ര. സി. എൽ. പൊറിഞ്ചു വിവിധ കോൺഫ്രൻസ് അംഗങ്ങളായ ബ്ര. ചെറിയാൻ –ചുവന്നമണ്ണ്, ബ്ര. സണ്ണി – തയ്യൂർ, ബ്ര.യേശുദാസ് – ഏങ്ങണ്ടിയൂർ, ബ്ര. കൊച്ചുമാത്യു– ഒളരി, ബ്ര. എം.ഒ. ഔസേഫ് – മരിയാപുരം, ബ്ര. സണ്ണി – നെഹ്റുനഗർ എന്നിവർക്കും; അംഗങ്ങളുടെ കുടുംബാംഗങ്ങളുടെ നിര്യാണത്തിലും ആദരാഞ്ജലികൾ അർപ്പിച്ചു.
2. നവം. 4 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ലൂർദ്ദ് മെട്രോപ്പോലിറ്റൻ കത്തീഡ്രലിൽ വെച്ച് സി. സി. അദ്ധ്യാത്മീകോപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കന്റെ കാർമ്മികത്വത്തിൽ പരേതർക്കായി ദിവ്യബലിയും, മുൻ ആദ്ധ്യാത്മീകോപദേഷ്ടാവായിരുന്ന റവ. ഫാ. തോമസ് പാലത്തിങ്കലിന്റെ കബറിടത്തിൽ ഒപ്പീസും നടത്തി.
3. സി.സി. വനിതാദിനാഘോഷം ചൊവ്വന്നൂർ മരീനഹോമിൽ വച്ച് നടത്തി. ചൊവ്വന്നൂർ ഇടവക വികാരി റവ. ഫാ. അനീഷ് നെല്ലിക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം സി.സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു ഉദ്ഘാടനം ചെയ്തു. വനിതാംഗങ്ങൾ സ്ഥാപനത്തിൽ അന്തേവാസികൾക്കായി കലാപരിപാടികൾ അവതരിപ്പിക്കുകയും അവരോട് ഒന്നിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു.
4. സി.സി. വനിതാ ക്യാമ്പ് വിൻസെൻഷ്യൻ അഭയ കേന്ദ്രത്തിൽ വെച്ച് നടത്തി. സി. സി പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു ക്യാമ്പ് ഉദ്ഘാ

ടനം ചെയ്തു.

5. എരുമപ്പെട്ടി ഫോറോന പള്ളിയിൽ സംഘടനയുടെ ഒരു യൂത്ത് കോൺഗ്രസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
6. വെള്ളപ്പൊക്ക കെടുതി അനുഭവിച്ച കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായത്തിന്റെ ഭാഗമായി 512 പ്രൊജക്റ്റുകൾ നാഷണൽ കൗൺസിലിന് സമർപ്പിച്ചു.
7. അതിരൂപതയിലെ 266 കോൺഫ്രൻസുകൾ സി.സി ഭാരവാഹികൾ സന്ദർശിക്കുവാനും രേഖകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും തീരുമാനിച്ചു.
8. 2019 മാർച്ച് 10 –ാം തീയ്യതി ഞായറാഴ്ച്ച ഏരിയ കൗൺസിൽ തലത്തിൽ പ്രാർത്ഥന ഉപവാസ ദിനമായി ആചരിക്കാൻ തീരുമാനിച്ചു.

| **കെ. എ. ഷിബു** | **കെ. കെ. പോൾസൺ** | **ഫാ. റോയ് മൂക്കൻ** |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | ആദ്ധ്യാത്മികോപദേഷ്ടാവ് |



# KCSL തൃശ്ശൂർ അതിരൂപത

1. **KCSL തൃശ്ശൂർ അതിരൂപത ശതാബ്ദിയിലേക്ക്**
   KCSL തൃശ്ശൂർ അതിരൂപത ശതാബ്ദി വാർഷികാഘോഷങ്ങൾ 2019 ജനുവരി മാസത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നു (തിയ്യതി പിന്നീട് അറിയിക്കുന്നതാണ്). ലോഗോ – ശതാബ്ദി ഗാനം എന്നിവ തയ്യാറായിട്ടുണ്ട് അത് യൂണിറ്റുകളിലേക്ക് അയച്ചുതരുന്നതാണ്.
2. **ശതാബ്ദി ലോഗോ മത്സര വിജയികൾ**
   I നിവ്യ ഷെറി പി. LFCGHSS മമ്മിയൂർ
   II ഷേബ മരിയ സെന്റ് മേരീസ് CUPS ആമ്പക്കാട്
   III അലൻ ബൈജു സെന്റ് പയസ് X CUPS വേലൂപ്പാടം
3. **ശതാബ്ദി ഗാന മത്സര വിജയികൾ**
   I സോന മെറ്റിൽഡ SHCGHSS തൃശ്ശൂർ
   II ജിസ്ന ജോയ്സൻ SHCGHSS തൃശ്ശൂർ

III ഷേബ മരിയ സെന്റ് മേരീസ് CUPS ആമ്പക്കാട്

4. **ശതാബ്ദി ഗാനത്തിന് ദൃശ്യാവിഷ്കാരം**
ശതാബ്ദി ഗാനത്തിന് ദൃശ്യാവിഷ്കാരം നൽകാൻ താത്പര്യമുള്ള സ്കൂൾ ആനിമേറ്റർമാർ പ്രസിഡന്റുമായി ബന്ധപ്പെടുക.

5. **യൂണിറ്റ് റിപ്പോർട്ടുകൾ**
യൂണിറ്റ് തല പ്രവർത്തന റിപ്പോർട്ടുകൾ നൽകിയിട്ടില്ലാത്ത യൂണിറ്റുകൾ എത്രയും വേഗം നല്കേണ്ടതാണ്. മറ്റ് പണമിടപാടുകളും വേഗത്തിൽ ട്രഷററുമായി ബന്ധപ്പെട്ട് തീർക്കേണ്ടതാണ്.

6. **ഫ്ളഡ് റിലീഫ് ഫണ്ട്**
KCSL പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശതാബ്ദി ആഘോഷ ഉദ്ഘാടന വേദിയിൽ വെച്ച് തുടക്കം കുറിക്കുന്നു. ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെടുന്ന പ്രളയബാധിതരായ KCSL അംഗങ്ങൾക്ക് തുക കൈമാറുന്നു. വിശദവിവരങ്ങൾ ബ്ലോഗിലുണ്ട്.

7. **സ്റ്റേറ്റ് ഡയറക്ടർ സ്ഥാനമൊഴിയുന്നു**
മൂന്നുവർഷമായി സ്റ്റേറ്റ് KCSL ഡയറക്ടറായി സേവനം ചെയ്ത് സ്ഥാനമൊഴിയുന്ന ഫാ. തോംസൺ പഴയചിറപ്പീടികയിക്ക് തൃശ്ശൂർ അതിരൂപതയുടെ നന്ദിയും ഭാവുകങ്ങളും.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ അമല മെഡിക്കൽ കോളേജ് ആശുപത്രിയിൽ നൈറ്റിംഗേൽസ് മീറ്റ് - 2018 നടത്തി. ഏകദിന സെമിനാറും പൊതുയോഗവും 2018 നവംബർ 25-ന് തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ഉദ്ഘാടനം ചെയ്തു. സെമിനാറിൽ 450-ഓളം നേഴ്സുമാർ പങ്കെടുത്തു. രാവിലെ തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹ ബലിയെതുടർന്ന്, ഫ്രാൻസിസ്

മാർപാപ്പയുടെ – ആനന്ദിച്ചാഹ്ളാദിക്കുവിൻ – എന്ന ചാക്രിക ലേഖനത്തെ ആസ്പദമാക്കി ഡോ. ജോർജ്ജ് ലിയോൺസ് സെമിനാർ നയിച്ചു. ഗിൽഡിന്റെ പുതിയ ലോഗോ കാത്തലിക് നേഴ്സസ് ഗിൽഡ് ആർച്ച്ഡയസിസ് ഓഫ് തൃശ്ശൂർ (CNGAT) ബഹു വികാരി ജനറാൾ അനാച്ഛാദനം ചെയ്തു. പൊതുസമ്മേളനത്തിൽ CNGAT ഡയറക്ടർ റവ. ഫാ. പോൾ കള്ളിക്കാടൻ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ, തൃശ്ശൂർ അതിരൂപതയുടെ ഹെൽത്ത് കമ്മീഷൻ ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് എന്നിവർ പ്രസംഗിച്ചു. തൃശ്ശൂർ അതിരൂപതയിലെ വിവിധ നേഴ്സിങ്ങ് സ്കൂളികളിൽ നിന്നുള്ള 14 വിദ്യാർത്ഥികൾക്ക് പഠന സഹായ സ്കോളർഷിപ്പ് വിതരണം ചെയ്തു.

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തകയോഗം 2.12.2018 ഞായറാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി മുഖ്യ പ്രഭാഷണം നടത്തി.

നവംബർ മാസത്തിൽ എല്ലാ റീജിയണുകളും വി.ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ ഭക്തിപൂർവ്വം വിവിധ പരിപാടികളോടെ ആഘോഷിച്ചു. മുതിർന്ന അംഗങ്ങളെ ആദരിക്കുകയും പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ അനുമോദിക്കുകയും ചെയ്തു. ഈ വർഷം ക്രിസ്തുമസ്സ് ആഘോഷം വെട്ടി കുറച്ച് മിച്ചം കിട്ടുന്ന പണം ശേഖരിച്ചു അതായത് ഇടവകകളിൽ അർഹതപ്പെട്ടവർക്ക് നല്കുവാൻ തീരുമാനിച്ചു. അതുപോലെ ജനുവരി മാസത്തിലെ പള്ളി തിരുന്നാളുകൾ ലളിതമായ രീതിയിൽ ആഘോഷിക്കുവാനും അംഗങ്ങൾക്ക് നിർദ്ദേശം നല്കി.

**സണ്ണി വടക്കൻ**
പ്രസിഡന്റ്

**ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




1. **മദ്ധ്യമേഖലാ സമ്മേളനം പാലക്കാട്**
ഡിസംബർ 1 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ ചേർന്ന മദ്യവിരുദ്ധസമിതിയുടെ മദ്ധ്യമേഖലാ സമ്മേളനത്തിൽ ഡയറക്ടർ, സംസ്ഥാന സെക്രട്ടറി, പ്രസിഡണ്ട്, ട്രഷറർ എന്നിവരുൾപ്പടെ 7 പേർ പങ്കെടുത്തു.

2. **വി. ഫ്രാൻസീസ് സേവ്യർ തിരുപ്രയാണം**
16–ാം നൂറ്റാണ്ടിലെ മദ്യവിരുദ്ധ പ്രവർത്തകനായ വി. ഫ്രാൻസീസ് സേവ്യറിന്റെ മരണതിരുനാളിനൊരുക്കമായി ഡിസംബർ 2 ഞായറാഴ്ച വിശുദ്ധന്റെ നാമധേയത്തിലുള്ള ഏതാനും ദൈവാലയങ്ങളിലേക്ക് തിരുപ്രയാണം സംഘടിപ്പിച്ചു. പാലക്കാട് രൂപതയിലെ മംഗലംഡാം ഫൊറോന പള്ളി, തൃശ്ശൂർ അതിരൂപതയിലെ പട്ടിക്കാട് ഫൊറോന പള്ളി, ഇരിങ്ങാലക്കുട രൂപതയിലെ തെക്കൻ താണിശ്ശേരി, കോട്ടപ്പുറം രൂപതയിലെ ഗോതുരുത്തിലെ സെന്റ് ഫ്രാൻസീസ് നഗർ എന്നിവിടങ്ങളാണ് സന്ദർശിച്ചത്. കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശേരി പിതാവ് സമാപന സന്ദേശം നൽകി.

3. **ഫ്രാൻസീസ് നാമധാരികളുടെ സ്നേഹ സംഗമം**
വി. ഫ്രാൻസീസ് സേവ്യറിന്റെ നാമധാരികൾക്ക് 02.12.2018 ഞായറാഴ്ച വൈകീട്ട് ചെവ്വൂർ പള്ളിയിൽ സ്വീകരണം നൽകി. സ്നേഹസംഗമം റവ.ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.

4. **പി.ഒ.സി. യിൽ സെക്രട്ടേറിയേറ്റ്**
സംസ്ഥാന കമ്മീഷൻ ചെയർമാൻ മാർ റെമേജിയുസ് ഇഞ്ചനാനിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ പി.ഒ.സി. യിൽ ചേർന്ന സംസ്ഥാന സെക്രട്ടറിയേറ്റിൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശേരി എന്നിവർ പങ്കെടുത്തു.

5. **അതിരൂപത എക്സിക്യൂട്ടീവ്**
25–11–18 ഞായറാഴ്ച പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യുട്ടീവ് സമ്മേളിച്ചു. ഏതാനും സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്:

1. 2017 ഒക്ടോബർ 2 ന് അരങ്ങേറിയ വാർഷികത്തിന്റെ സ്മരണിക ജനുവരി 1 ന് പ്രകാശനം ചെയ്യാവുന്ന വിധം പൂർത്തിയാക്കുക.
2. ഡിസംബർ 2–ാം തിയ്യതി വി. ഫ്രാൻസീസ് സേവ്യറിന്റെ നാമധേയത്തിൽ മദ്ധ്യമേഖലയിലുള്ള തെരഞ്ഞെടുക്കപ്പെട്ട ദൈവാലയങ്ങളിലേക്ക് തിരുപ്രയാണം നടത്തുക.
3. 2019 വാർഷിക പദ്ധതി തയ്യാറാക്കുക. ജനുവരി 1 –ാം തിയ്യതി യൂണിറ്റുകൾക്ക് വിതരണം ചെയ്യണം.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# അതിരൂപത ഗായകസംഘം

തൃശ്ശൂർ അതിരൂപത ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ആൻജലിക് കാരൾ 2018 എന്ന പേരിൽ ഫൊറോനകൾക്കായുള്ള അതിരൂപതാതല കരോൾ ഗാന മത്സരം 2018 ഡിസംബർ 8ന് തൃശ്ശൂർ ടൗൺ ഹാളിൽ വച്ച് നടത്തി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഗായകസംഘം ഡയറക്ടർ ഫാ. പോൾ പുളിക്കൻ അധ്യക്ഷനായിരുന്നു.

ആലാപനശൈലിയിലും അവതരണത്തിലും ഉന്നത നിലവാരം പുലർത്തിയ മത്സരത്തിലെ കൊട്ടേക്കാട് ഫൊറോന തുടർച്ചയായി രണ്ടാം തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. വേലൂർ, ബസിലിക്ക ഫൊറോനകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വിജയികൾക്കും പങ്കെടുത്ത എല്ലാ ഫൊറോന ഗായകസംഘങ്ങൾക്കും മോൺ. ജോർജ്ജ് കോമ്പാറ സമ്മാനങ്ങൾ നൽകി. പിന്നണി ഗായകരായ ശ്രീ. ഫ്രാങ്കോ, ശ്രീ. ഷിബു ആന്റണി എന്നിവരുടെ സംഗീത പരിപാടിയും ഉണ്ടായിരുന്നു.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

**ടോമി പന്ത്രണ്ടേൽ**
പ്രസിഡന്റ്

# L.O.A.F.




1. **ലോഫ് ഫാമിലിപ്രയർ ഈവനിംഗ്:**
   നവംബർ മാസത്തിലെ മാസധ്യാനം പന്ത്രണ്ടാം തിയ്യതി ശനിയാഴ്ച വൈകിട്ട് ആറുമുതൽ കാച്ചേരി മാഡോണ മൈനർ സെമിനാരിയിലെ അൽഫോൻസ ചാപ്പലിൽ നടന്നു. ഡിസംബർ മാസത്തിലെ മാസ ധ്യാനവും ക്രിസ്തുമസ് ആഘോഷവും ഡിസംബർ 8 രണ്ടാം ശനി യാഴ്ച വൈകിട്ട് 6മണിക്ക് ആരംഭിച്ചു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ക്രിസ്തമസ്സ് സന്ദേശം നൽകി കേക്ക് മുറിച്ച് ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു.
2. **ബെത്‌ലേഹം ദമ്പതീ സംഗമം**
   ഡിസംബർ 2 മരിയാപുരം ഇടവകയിലെ 2000ന് ശേഷം വിവാഹിത രായ ദമ്പതികൾക്കുവേണ്ടി ലോഫ് ഔട്ട് റീച്ച് മിനിസ്ട്രീ മരിയാ പുരം ഇടവകയിലെ മതാദ്ധ്യാപകരുടെയും പി.ടി.എയുടെയും സഹ കരണത്തോടെ ബെത്‌ലേഹം ദമ്പതീ സംഗമം സംഘടിപ്പിച്ചു.
3. **ലോഫ് കുടുംബ ധ്യാനം**
   മറ്റു കുടുംബാംഗങ്ങൾക്കായി ലോഫ് നടത്തുന്ന ധ്യാനം ഡിസംബർ 14 വെള്ളിയാഴ്ച്ച വൈകീട്ട് 5ന് ആരംഭിക്കും. അതിരൂപതയിലെ വൈദീകരും ലോഫ് കുടുംബങ്ങളും ധ്യാനം നയിക്കും.
4. **ലോഫ് അക്കാദമിക് സെക്ഷൻ**
   നവംബർ മാസത്തിലെ അക്കാദമിക് സെക്ഷൻ നവംബർ 25 ഞായ റാഴ്ച്ച വൈകീട്ട് 5 മണി മുതൽ കാച്ചേരി മഡോണ മൈനർ സെമി നാരിയിൽ വെച്ച് നടന്നു.
5. **ലോഫ് മാദ്ധ്യസ്ഥ പ്രാർത്ഥന**
   ലോഫ് പ്രവർത്തനങ്ങൾ, ലോകമെമ്പാടുമുള്ള കുടുംബങ്ങൾ, തിരു സഭ എന്നിവക്കായി ദിവ്യകാരുണ്യ സന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ നവംബർമാസം 23 വെള്ളിയാഴ്ച്ച വൈകീട്ട് ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടന്നു.
6. **അനുമോദനങ്ങൾ**
   എറണാകുളം അങ്കമാലി അതിരൂപത ഫാമിലി അപ്പസ്തോലേറ്റ്

സംഘടിപ്പിച്ച ഗ്രേസ് റിപ്പിൾസ് കപ്പിൾസ് കോൺഫറൻസുകളിൽ മുഖ്യാതിഥികലായി പങ്കെടുത്ത ലോഫ് പ്രസിഡന്റ് ദമ്പതികളായ ഡോ. ടോണി ജോസഫ്, ഡോ. സുനി ടോണി എന്നിവർക്ക് അനുമോദനങ്ങൾ! കെ.എസ്.ബി. സി. പ്രൊലൈഫ് സമിതി വൈസ്. പ്രസിഡന്റ് ആയി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ട്രഷറർ ശ്രീ. ജെയിംസ് ആഴ്ചങ്ങാടന് അനുമോദനങ്ങൾ!

**ഡോ. ടോണി ജോസഫ് &**
**ഡോ. സുനി**
പ്രസിഡന്റ് ദമ്പതികൾ

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ



## അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2018**

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2018ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും.

1. **മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%).

1.3. ഈ മത്സരത്തിന് 2018 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

2. **മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1. ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും.

2.2. മികച്ച കവർ – 2018 മെയ് (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ – 2018 ഡിസംബർ എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2018 ഫെബ്രുവരി (ഒരു കോപ്പി)

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ**

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി**

4.1. വികാരിയച്ചന്റെ പംക്തി – 2018 ജൂണിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2018 ജൂണിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

**5. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

5.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾ ക്ഷണിക്കുന്നു. മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2019 ഫെബ്രുവരി 15ന് മുമ്പ് ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ബുള്ളറ്റിൻ മത്സരം എന്ന് എഴുതിയ കവറിലാക്കി ഏല്പിക്കേണ്ടതാണ്. 2019 ഫെബ്രുവരി 15ന് ശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ

Silver Jubilee



Golden Jubilee



അതിരൂപതയിൽ നിന്നും വിവാഹത്തിന്റെ സിൽവർ (1993), ഗോൾഡൻ ജൂബിലി (1968) ആഘോഷിക്കുന്നവരുടെ സംഗമങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സാന്നിദ്ധ്യത്തിൽ ലൂർദ്ദ് കത്തീഡ്രിലിൽ നടന്നു.

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.12.2018
January-2019






29.11.2018

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005